കർമ്മല കുസുമം.

പുസ്തകം ൰൭) ൰൯൰൭ ജൂലായി (ലക്കം ൧.

## പൌരസ്ത്യ സഭകൾ.

കത്തോലിക്കാ തിരുസഭയിൽനിന്നും ഭിന്നിച്ചു നിൽക്കുന്ന കിഴക്കൻസഭകളുടെ പുനരൈക്യത്തിനുവേണ്ടി ഈ മാസത്തിൽ നാമെല്ലാവരും പ്രാൎത്ഥിക്കണമെന്നാണല്ലൊ തിരുസഭ നമ്മോടുപദേശിക്കുന്നതു്. ഈ അവസരത്തിൽ കിഴക്കൻ സഭകളുടെ ഒരു ചുരുങ്ങിയ വിവരണം പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. നമ്മുടെ കൎത്താവീശോ മ്ശിഹായും പരിശുദ്ധ കന്യകയും ശ്ലീഹന്മാരും സംസാരിച്ചിരുന്നതും, മ്ശിഹാ കുൎബ്ബാനയേയും കൂദാശകളേയും സ്ഥാപിക്കയും ശ്ലീഹന്മാർ ആദ്യമായി കുൎബ്ബാന അൎപ്പിക്കയും കൂദാശകളെ നൽകുകയും ചെയ്തതും നാം ഇപ്പോൾ ഉപയോഗിച്ചുവരുന്ന കൽദായ സുറിയാനിയിലാണ്. ഓറശ്ലേമ്മിൽനിന്നു ക്രിസ്തീയസഭ മററു പ്രദേശങ്ങളിലേക്കു വ്യാപിച്ചതിനോടുകൂടെ, വി. തോമ്മാശ്ലീഹായും അവിടുത്തെ ശിഷ്യരും പ്രസംഗിച്ചതായ ഇൻഡ്യാ, കൽദേയ മുതലായ സ്ഥലങ്ങളിലും സുറിയാനിതന്നെ വൈദികഭാഷയായി സ്ഥാപിക്കപ്പെട്ടെങ്കിലും, റോമ്മാ സാമ്റാജ്യത്തിൻെറ പൌരസ്ത്യപ്രദേശങ്ങളിൽ ഗ്രീക്കു വൈദികഭാഷയായി തീൎന്നു. മാത്രമല്ല, റോമ്മാ മുതലായ പാശ്ചാത്യ പ്രദേശങ്ങളിലും, ഒരുവേള ലത്തീനും ഉപയോഗിച്ചിരുന്നാലും, 'ദെ റോസ്സി' എന്ന പണ്ഡിതൻ സാക്ഷിക്കുന്നതുപോലെ നാലാം നൂററാണ്ടുവരെ വി. സിംഹാസനത്തിൻെറ വൈദികഭാഷ ഗ്രീക്കായിരുന്നു എന്നു കാണുന്നു. പ്രസ്തുത ശതാബ്ദത്തിൽ പാശ്ചാത്യപ്രദേശങ്ങളിൽ ലത്തീൻ സൎവ്വസാധാരണയായിത്തീൎന്നതു പോലെ, ഏജീപ്തിൽ ഗ്രീക്കിനുപകരം കോപ്തിക്കും അമ്മേനിയായിൽ സുറിയാനിക്കു പകരം അമ്മേനിയനും വൈദിക ഭാഷകളായി സ്വീകരിക്കപ്പെട്ടു. ഇതാകുന്നു വ്യത്യാസപ്പെട്ട റീത്തുകളുടെ ആരംഭം.

പാശ്ചാത്യപൌരസ്ത്യ സഭകൾ എന്നിങ്ങനെയുള്ള വ്യത്യാസ നാമങ്ങളും ഈ വ്യത്യാസ റീത്തുകളിൽനിന്നുളവായി എന്നു പറയാം. മ്ശിഹാ സഭയെ പത്രോസെന്ന പാറമേൽ പണികയാൽ തിരുസഭ മുഴുവൻെറയും തലവൻ പത്രോസിൻെറ പിൻഗാമിയായ റോമ്മാ മാർപ്പാപ്പായാകുന്നു. ഇദ്ദേഹം ആരംഭം മുതൽക്കേ എല്ലാ സഭകളിന്മേലും എല്ലാ മെത്രാന്മാരുടെ മേലും അധികാരം നടത്തുകയും, പൊതു സൂനഹദോസുകളിൽ സാമാന്യമായി സ്ഥാനപതികൾമൂലം ആദ്ധ്യക്ഷം വഹിക്കയും ചെയ്തിരുന്നു. എന്നാൽ ഭരണസൌകൎയ്യാൎത്ഥം ക്രിസ്തീയ സഭ പാത്രിയക്കാത്തുകളായി വിഭജിക്കപ്പെട്ടു. നിക്യാ സൂനഹദോസിൻെറ കാലത്തു (൩൨൫) റോമ്മാ, അലക്സാന്ത്രിയാ, അന്ത്യോക്യാ എന്ന മൂന്നു സിംഹാസനങ്ങൾ ഉണ്ടായിരുന്നു. ഒരു ശതവൎഷത്തിനിടയ്ക്കു കൊൺസ്തന്തിനോപ്പൊളി, ഓറശ്ലേം എന്നിങ്ങനെ വേറെ രണ്ടുകൂടെ ഉത്ഭവിച്ചു. തിരുസഭ മുഴുവൻെറയും തലവനായ റോമ്മാ മാർപ്പാപ്പാ, റോമ്മാ പാ

ത്രിയക്കീസുംകൂടെയായിരുന്നു. അവിടുത്തെ നേരിട്ടുള്ള ഭരണത്തിൻകീഴായിരുന്ന റോമ്മാ സാമ്രാജ്യത്തിന്റെ പശ്ചിമഭാഗം മുഴുവനും. അവിടെ ലത്തീൻ വൈദികഭാഷയായിത്തീൎന്നു. ആകയാൽ ഈ ഭാഗത്തിനു പാശ്ചാത്യസഭ അഥവാ ലത്തീൻ സഭയെന്നും, മററു പാത്രിയക്കീസന്മാരുടെ കീഴിലായി റോമ്മാ സാമ്രാജ്യത്തിന്റെ പൂൎവ്വപ്രദേശങ്ങളിലും അതിനു പുറമേയും സ്ഥിതിചെയ്തിരുന്ന സഭകൾക്കു പൌരസ്ത്യസഭകൾ എന്നും നാമങ്ങളുണ്ടായി. ഈ വിഭാഗങ്ങൾ റീത്തിനേയും ഭാഷയേയും സ്ഥലത്തേയും സംബന്ധിക്കുന്നതല്ലാതെ, വിശ്വാസ കാൎയ്യങ്ങളിൽ യാതൊരു വ്യത്യാസവുമില്ലാതിരുന്നതുകൊണ്ട് പാശ്ചാത്യപൌരസ്ത്യസഭകൾ ഒരേ കത്തോലിക്കാസഭ മാത്രമായിരുന്നു. ഇവയ്ക്കെല്ലാം പൊതുത്തലവനായിരുന്നു മാൎപ്പാപ്പാ. ഇത്രയും പറഞ്ഞതുകൊണ്ട് ആദ്യശതവൎഷങ്ങളിൽ കിഴക്കും പടിഞ്ഞാറും ഇടത്തൂട്ടുകളും ശീശ്മകളും ഉണ്ടായിരുന്നില്ലെന്ന് അനുമാനിക്കേണ്ടതില്ല. ശ്ലീഹന്മാരുടെ കാലംമുതൽക്കുതന്നെ എബിയോനിത്തർ, മൊന്താനിസ്റ്റർ, ഗ്നൊസ്റ്റിക്കർ, അരിയൂസർ മുതലായി പല ഭിന്നസഭകളും മുളച്ചുവന്നിരുന്നത് അതാതു കാലങ്ങളിൽ തിരുസഭയിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. നാലാം നൂററാണ്ടിനു മുമ്പുണ്ടായിട്ടുള്ള യാതൊരു ഇടത്തൂട്ടുകളും ഇപ്പോളില്ല. ഇപ്പോൾ ലോകത്തിൽ ൫൦ കോടി ക്രിസ്ത്യാനികളുള്ളതിൽ ൩൦ കോടിയോളം പാശ്ചാത്യ പൌരസ്ത്യസഭകളിൽ ചേൎന്ന കത്തോലിക്കരാണ്. ശേഷിച്ച പകുതി പ്രോത്തസ്റ്റാന്തുകാർ, ഗ്രേക്കുശീശ്മക്കാർ, യാക്കോബായക്കാർ മുതലായ അകത്തോലിക്കരാണ്. അന്യോന്യ സംബന്ധമില്ലാത്തതും വിപരീത മതതത്വങ്ങളെ പഠിപ്പിക്കുന്നതുമായ ഈ സഭകളിൽ ഒന്നുപോലും ൨-ാം ശതവത്സരത്തിനുമുമ്പുള്ളതല്ല. ഇവരിൽ ൧൭ കോടിയിലധികവും ൧൬-ാം ശതകത്തിൽ ലുത്തേരിനേയും കുട്ടരേയും അനുകരിച്ചു കത്തോലിക്കാ തിരുസഭയിൽനിന്നു ഭിന്നിച്ച പ്രോട്ടസ്റ്റന്റുകാരാണ്. ഇവർ ൨൦൦ൽപരം സ്വതന്ത്രസഭകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. പരസ്പരവിരുദ്ധങ്ങളായ മതതത്വങ്ങളെ പഠിപ്പിക്കുന്ന ഇവൎക്കു വല്ല യോജിപ്പും ഉണ്ടെങ്കിൽ അതു കത്തോലിക്കാ സഭയോടുള്ള ദ്വേഷമാണ്. ഇവർ പാശ്ചാത്യസഭയിൽ നിന്നു പിരിഞ്ഞവരാകയാൽ പാശ്ചാത്യ ഇടത്തൂട്ടുകാർ എന്നറിയപ്പെടുന്നു. ശേഷമുള്ള ൧൧ കോടിയിലധികരിക്കുന്ന അകത്തോലിക്കാ ക്രിസ്ത്യാനികളാകുന്നു കിഴക്കരായ ഇടത്തൂട്ടുകാർ. ഇവരുടെ പുനരൈക്യത്തിനുവേണ്ടിയാകുന്നു നാം ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിക്കേണ്ടത്. ഇവർ ഗ്രേക്കർ, നെസ്തോറിയർ, ഏകസ്വഭാവ വാദികൾ എന്നിങ്ങനെ മൂന്നായി വിഭജിക്കപ്പെടാം. ഇവയിൽ ഏററവും വലിയ വിഭാഗമായ ഗ്രേക്കുശീശ്മ ൧൧-ൽ ൧൦ കോടിയേയും അടക്കിക്കൊള്ളുന്നു. ഇവർ കത്തോലിക്കാ സഭയിൽനിന്നു വേർപിരിഞ്ഞതു ൯-ാം നൂററാണ്ടിലാണ്. ഇതിനു കാരണം വിശ്വാസ സംബന്ധമായ വ്യത്യാസമല്ലായിരുന്നു. ൮൫൭-ൽ കൊൺസ്റ്റന്തിനോപ്പോളി പാത്രിയക്കീസായിരുന്ന വി. ഇഗ്നാസിയോസ്, ചക്രവൎത്തിയുടെ പ്രധാനമന്ത്രിയെ, അധൎമ്മജീവിതം നിമിത്തം ശാസിച്ചതിനാൽ, അയാൾ വിശുദ്ധനെ നാടുകടത്തീട്ടു ഫോസിയൂസ് എന്ന അൽമേനിയെ പാത്രിയക്കീസായി നിയമിച്ചു. വി. ഇഗ്നാസിയോസ്, മാൎപ്പാപ്പായുടെ പക്കൽ ആവലാധി ബോധിപ്പിക്കയും മാൎപ്പാപ്പാ ഫോസിയൂസിനെ തിരസ്കരിച്ച് ഇഗ്നാസിയോസിനെ ഉറപ്പിക്കയും ചെയ്കയാൽ, ഫോസിയൂസും ചക്രവൎത്തിയും മാൎപ്പാപ്പാക്കു കീഴ്വഴങ്ങാതെ നിന്നു. ഫോസിയൂസിന്റെ മരണശേഷം കത്തോലിക്കാ ഐക്യതയിൽ പ്രവേശിച്ച ഗ്രീക്കുസഭയെ വീണ്ടും ശീശ്മയിലേക്കു വലിച്ചതു ചെരുളാരിയൂസ് എന്ന പാത്രിയക്കീസായിരുന്നു. (൧൦൫൪) മാൎപ്പാപ്പായുടെ ശ്രേഷ്ഠാധിപത്യത്തെ ആദരിക്കുന്ന ഗ്രേക്കു സഭാപിതാക്കന്മാരുടെ സാക്ഷിക്കും നടപടിക്കും വിരോധമായ ശീശ്മയെ ന്യായീകരിക്കുന്നതിനു മാൎപ്പാപ്പായുടെ ശ്രേഷ്ഠാധിപത്യത്തെ കേവലം ഒരു ബഹുമാനപദം മാത്രമെന്നു വാദിച്ചു. ഇതാകുന്നു ഇവരുടെ പ്രധാന തെററു. ൧൨൭൪-ലും ൧൪൩൯-ലും ഗ്രേക്കർ ഉഴവനും തിരുസിംഹാസനത്തിനു കീഴ്വഴ

ങ്ങിയെങ്കിലും ഈ ഐക്യത ദീർഘിച്ചു നിന്നില്ല. ഇപ്പോൾ ഗ്രേക്കർ, തമ്മിൽ ആശ്രയമില്ലാത്ത ൧൫ സ്വതന്ത്രസഭകളായി വിഭജിച്ചു നിൽക്കുന്നു. ൧൬-ാം നൂററാണ്ടു തുടങ്ങി ഇവരിൽ അനേകർ സത്യതിരുസഭയിലേക്കു തിരിഞ്ഞുവരികയും ഇപ്രകാരം ഇപ്പോഴുള്ള ൮ ഗ്രേക്കു കത്തോലിക്കാ റീത്തുകൾ ഉത്ഭവിക്കയും ചെയ്തു. ഒരിക്കലും ശീശ്മയിൽ പതിക്കാത്ത ഇത്താല്യായിലുള്ള ഗ്രേക്കരുൾപ്പടെ ഇവരുടെ തുക ൬൦ ലക്ഷത്തോളം വരും.

നെസ്തോറിയർ, മ്ശിഹായിൽ രണ്ടാളുണ്ടെന്നു പഠിപ്പിച്ച നെസ്തോറിസിൻെറ അനുഗാമികളാകുന്നു. ൪൩൧-ൽ എഫേസൂസിൽ കൂടിയ പൊതുസൂനഹദോസിൽവെച്ചു ശപിക്കപ്പെട്ടു്, കത്തോലിക്കാ സഭയിൽനിന്നും പിരിഞ്ഞു. കൽദായ നാട്ടിലുള്ള സുറിയാനിക്കാരിൽ ഒരു വലിയ ഭാഗം ൬-ാം നൂററാണ്ടോടെ ബാബേൽ പാത്രിയക്കീസിനോടു കൂടെ നെസ്തോറിയരായിത്തീൎന്നു. എന്നാൽ ചെറിയ ഒരു ഭാഗവും മലയാളത്തിലെ കൽദായ സുറിയാനിക്കാരും എന്നും കത്തോലിക്കരായിത്തന്നെ നിന്നു. നെസ്തോറിയരായി കൽദായനാട്ടിൽ ഇപ്പോൾ ൧൰ ലക്ഷം ആളുകളുണ്ടു്. മേലൂസ് ശിശ്മയുടെ ശേഷം നെസ്തോറിയൻ മെത്രാനെ സ്വീകരിച്ച തൃശ്ശിവപേരൂർ 'സുറായ' കക്ഷികളേയും ഇക്കൂട്ടത്തിൽ ചേൎക്കാം. കൽദായയിലും മലയാളത്തിലുമുള്ള കത്തോലിക്കാ കൽദായ സുറിയാനിക്കാർ ഏകദേശം ൫ ലക്ഷത്തോളം വരും.

നെസ്തോറിയൂസിനു വിരോധമായി പ്രസംഗിച്ചുകൊണ്ടു് എവുത്തിക്കിയോസ് എന്നവൻ വേറെ തെററിൽ വീണു. മിശിഹായാൽ ഏകമായ ദൈവസ്വഭാവം മാത്രമേയുള്ളു എന്നും, മനുഷ്യസ്വഭാവം അതിൽ കലൎന്നു ലയിച്ചുപോയി എന്നും മററുമാണു് അയാളുടെ ബോധനം. സിറിയായിലുള്ള പാശ്ചാത്യ സുറിയാനിക്കാരിൽ ഭൂരിപക്ഷം ഈ അബദ്ധപ്പഠനത്തെ പിന്തുടൎന്നു് ഏകസ്വഭാവ വാദികളായി. ഇവരുടെ ഇടത്തൂട്ട് കൽച്ചദോനിയായിൽ ൪൫൧-ൽ കൂടിയ പൊതുസൂനഹദോസു് ശപിക്കയും ഇപ്രകാരം ഇക്കൂട്ടരും തിരുസഭയിൽനിന്നു ബഹിഷ്കൃതരാവുകയും ചെയ്തു. ഈ ഇടത്തൂട്ട് എജിപ്തു്, അബിസീനിയാ, സിറിയാ, അൎമ്മേനിയാ എന്നീ രാജ്യങ്ങളിൽ പടൎന്നുപിടിക്കയും ഇപ്രകാരം കോപ്തുസഭ, അൎമ്മേനിയ സഭ, യാക്കോബായ സഭ ഇങ്ങനെ മൂന്നു സജാതിയസഭകൾ തമ്മിൽ ആശ്രയമില്ലാതെ ഉത്ഭവിക്കയും ചെയ്തു. അൎമ്മേനിയർ ൧൪൩൯-ലും മററും പുനരൈക്യപ്പെട്ടെങ്കിലും അതു നിലനിന്നില്ല. ഇപ്പോൾ അൎമ്മേനിയൻ ഇടത്തൂട്ടുകാർ ൩൦ ലക്ഷത്തോളമുണ്ടു്. കത്തോലിക്കർ ൧൰ ലക്ഷത്തോളമേയുള്ളു. കോപ്തരും അബെസ്സിയരുമായ അകത്തോലിക്കരും ൩൫ ലക്ഷത്തോളമാകുന്നു. കോപ്ത് തറീത്തിൽ ചേൎന്ന കത്തോലിക്കർ ൩൦,൦൦൦-ൽ അധികമില്ല.

ഏകസ്വഭാവ വാദികളായ കോപ്തൎക്കും, അൎമ്മേനിയൎക്കും, സുറിയാനിക്കാൎക്കും യാക്കോബായക്കാർ എന്നു കൂടെയും പറയും. എങ്കിലും യാക്കോബായ എന്ന പേരുകൊണ്ടു പ്രത്യേകിച്ച് അറിയപ്പെടുന്നവർ സുറിയാനിക്കാരാണ്. ഈ പേരു ഇവൎക്കു ലഭിച്ചതു് യാക്കോബ് ബരദേയസ് എന്നൊരു മെത്രാനിൽനിന്നാകുന്നു. ഏകസ്വഭാവ വാദികൾ ൪൫൧ മുതൽ ൬-ാം നൂററാണ്ടുവരെ അന്ത്യോക്യാ സിംഹാസനം കൈവശപ്പെടുത്തുന്നതിനു ശ്രമിച്ചു. ഒരിക്കൽ 'രജകൻ' പത്രോസ് എന്നൊരുവനും ൫൧൨-ൽ സെവേരോസ് എന്നവനും അന്ത്യോക്യാ പാത്രിയക്കീസന്മാരായി. എങ്കിലും അവരുടെ അബദ്ധവിശ്വാസം മൂലം അവർ ആ സിംഹാസനത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. കടശി സെവേരൂസ് ൫൩൮-ൽ മരിച്ചതിനോടുകൂടെ അവരുടെ ശ്രമം പൂൎണ്ണമായി വിഫലീഭവിക്കയും ഏകസ്വഭാവ വാദികളുടെ കക്ഷിവഴക്കും മററും നിമിത്തം ആ സഭ നാമാവശേഷമാകത്തക്ക ഒരു സ്ഥിതിയിലാവുകയും ചെയ്തു. അപ്പോൾ യാക്കോബു ബരദേയസ എന്നയാൾ ൫൪൩-ൽ ചക്രവൎത്തിനിയുടെ സഹായത്താൽ മെത്രാസനാരോഹണം ചെയ്തു. അനേകം ഏകസ്വഭാവ വാദികളായ മെത്രാന്മാരെ വാഴിക്കയും ടി. സഭയെ ഒട്ടൊക്കെ യോജിപ്പിക്കയും ചെയ്തു. ഈ യാക്കോബിൽനിന്നാകുന്നു ഇവ

ക്കു യാക്കോബായക്കാർ എന്ന പേരുണ്ടായത്. അന്ത്യോക്യാസിംഹാസനം കൈവശപ്പെടുത്തുവാൻ സാധിക്കയില്ലെന്നു കണ്ട്, യാക്കോബായക്കാർ യാക്കോബ്ബ് ബരദേയസിനാൽ അഭിഷിക്തനായ സെർജിയൂസ് തെല്ലാസ് എന്ന മെത്രാനെ തങ്ങളുടെ അദ്ധ്യക്ഷനായി നിയമിക്കയും അദ്ദേഹം അന്ത്യോക്യാ പാത്രിയർക്കീസ് എന്ന നാമം സ്വീകരിച്ചുകൊണ്ട് അന്ത്യോക്യായിൽനിന്നു വളരെ അകലം സ്ഥിതിചെയ്യുന്ന മെസപ്പൊത്തേമിയായിൽ വാസം ഉറപ്പിക്കയും ചെയ്തു. പൌരസ്ത്യ സഭകളെല്ലാംതന്നെ കത്തോലിക്കാ ഐക്യത്തിൽ പ്രവേശിച്ച ഫ്ലോരൻസ് സൂനഹദോസിൽവച്ചു യാക്കോബായ പാത്രിയർക്കീസായ യോഹന്നാൻ തുരിയൻ തന്റെ ജനത്തോടുകൂടെ ൧൪൪൧-ൽ മാർപ്പാപ്പാക്കു കീഴ്വഴങ്ങിയെങ്കിലും ഇതു ദീർഘമായി നിലനിന്നില്ല. അതിന്റെ ശേഷം ൧൭൮൦-ൽ യാക്കോബായ പാത്രിയർക്കീസായിരുന്ന ഇഗ്നാസിയൂസ് ജിയാർവ് എന്ന ദേഹം ജനത്തിലൊരു ഭാഗത്തോടുകൂട കത്തോലിക്കാ ഐക്യതയിൽ പ്രവേശിച്ചു. ഇദ്ദേഹത്തിന്റെ പിൻഗാമിയായ ഇപ്പോഴത്തെ അന്ത്യോക്യാ കത്തോലിക്കു സുറിയാനിപാത്രിയർക്കീസിന്റെ കീഴിൽ ൯൦,൦൦൦ ത്തോളം ജനമുണ്ട്. ഇദ്ദേഹത്തേയും ജനത്തേയും മാറോനീത്താ സുറിയാനിപാത്രിയർക്കീസിൽനിന്നും ജനത്തിൽ നിന്നും വേർതിരിക്കേണ്ടതാണ്. ഉദ്ദേശം ൩ ലക്ഷത്തോളം വരുന്ന (മുഴുവനും കത്തോലിക്കർ) ഈ ജനവും പാത്രയർക്കീസും ലിബനൻ മലമ്പ്രദേശങ്ങളിൽ വസിക്കുന്നു. ൧൭൮൦-ൽ സ്വപാത്രിയർക്കീസിനോടുകൂടെ കത്തോലിക്കാ ഐക്യതയിൽ പ്രവേശിക്കുന്നതിനു വിസമ്മതിച്ച യാക്കോബായക്കാർ തങ്ങൾക്കായി ഒരു പാത്രിയർക്കീസിനെ നിയമിച്ചു. ഇദ്ദേഹത്തിന്റെ പിൻഗാമികളാകുന്നു ഇപ്പോഴത്തെ യാക്കോബായ സുറിയാനിപാത്രിയർക്കീസന്മാർ. ഇദ്ദേഹത്തിന്റെ ആജ്ഞയിൻകീഴ സിരിയ, മെസപ്പൊത്താമിയ മുതലായ പ്രദേശങ്ങളിൽ ൮൦,൦൦൦ ജനങ്ങളുണ്ട്. ഇതിനോടുകൂടെ ൧൮-ാം നൂററാണ്ടിൽ യാക്കോബായ സഭക്കു ലഭിച്ച മലയാള സുറിയാനിക്കാരേയും ഉൾപ്പെടുത്തുന്നപക്ഷം ലോകത്തിൽ ആകപ്പാടെ മൂന്നു ലക്ഷത്തിഅൻപതിനായിരം യാക്കോബായക്കാർ ഉണ്ടെന്നു കാണുന്നു. ഈ സംഖ്യ മലയാളത്തിലെ കത്തോലിക്കാ സുറിയാനിക്കാരുടേതിനേക്കാൾ ഒരു ലക്ഷം കുറച്ചു മാത്രമാകുന്നു.

ഈ അവസരത്തിൽ മലയാളത്തിൽ യാക്കോബായസഭ പ്രവേശിച്ചതിനെപ്പററിയും അല്പം വിസ്തരിക്കാം. ന. പിതാക്കന്മാർ ഉദയംപേരൂർ സൂനഹദോസുവരെ ബാബേലിലെ കത്തോലിക്കനായ കാസോലിക്കായെ (പാത്രിയർക്കീസ്) ആശ്രയിച്ചു കത്തോലിക്കാ സഭയിൽ നിലനിന്നു. എന്നാൽ ഉദയംപേരൂർ സൂനഹദോസിൽവെച്ചു ലത്തീൻ മെത്രാന്മാർക്കധീനപ്പെടുകയും, ലത്തീൻറീത്തു ഏർപ്പെടുത്തുന്നതിനുള്ള അവരുടെ ശ്രമത്തോടെതൃത്തു ൧൬൫൩-ൽ നമ്മുടെ ജനം പിൻമാറുകയും ചെയ്തു. എങ്കിലും വലിയഭാഗം, റീത്തിനേക്കാൾ വിശ്വാസത്തെ മതിച്ച് കർമ്മലീത്താ മെത്രാന്മാർക്കു കീഴ്പെട്ടു. മററുഭാഗമായ പുത്തൻകൂററുകാർ സുറിയാനി കത്തോലിക്കാ മെത്രാനെ കിട്ടുന്നതിനു സാധിക്കാതെ, കടശി വിശ്വാസം പൂജിച്ചുകൊണ്ട് അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിനു കീഴ്വഴങ്ങി പൌരസ്ത്യ സുറിയാനി റീത്തിനു പകരം പാശ്ചാത്യ സുറിയാനി റീത്തിനെ സ്വീകരിച്ചു. ഇക്കഴിഞ്ഞ നൂററാണ്ടിൽ യാക്കോബായ കക്ഷിയിൽനിന്ന് മലയാളത്തിൽ നവീനമായ മെത്രാൻകക്ഷി അഥവാ നവീകരണ സുറിയാനിക്കാർ എന്ന ശാഖയുത്ഭവിച്ചു. ഇവർ ഏകദേശം ൮൦,൦൦൦ത്തോളം വരും.

ഇത്രയും പറഞ്ഞതിൽനിന്ന് പൌരസ്ത്യസഭകളുടെ ഉത്ഭവവും അവയുടെ തൽക്കാലസ്ഥിതിയും മററും വായനക്കാർ ചുരുക്കമായി ഗ്രഹിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ ഇവിടെ പാശ്ചാത്യപതിതരായ പ്രോത്തസ്റ്റാന്തുകാരും പൌരസ്ത്യ പതിതരും തമ്മിലുള്ള ഒരു വലിയവ്യത്യാസം ഗ്രഹിക്കേണ്ടിയിരിക്കുന്നു. പൌരസ്ത്യ അകത്തോലിക്കാ സഭകൾക്കു പാശ്ചാത്യ അകത്തോലിക്കർക്കില്ലാത്തതായ വാസ്തവമായ പട്ടവും, കൂദാശകളും

പരിശുദ്ധ കന്യകയുടേയും പുണ്യവാന്മാരുടെയും നേൎക്കുള്ള വണക്കവും മററുമുണ്ട്. മാത്രമല്ല പൌരസ്ത്യരെ അപേക്ഷിച്ചു വിശ്വാസത്തിലും നടപടികളിലും കത്തോലിക്കാ സഭയോടു ഇവർ വളരെ അടുത്തുമിരിക്കുന്നു. ആകയാൽ നമ്മുടെ ഈ സഹോദരങ്ങളുടെ മാനസാന്തരത്തിനു ഈ മാസത്തിൽ പ്രത്യേകമായി തിരുസ്സഭയുടെ അനുഗ്രഹപ്രകാരം നമുക്കു പ്രാൎത്ഥിക്കാം. പ്രത്യേകമായി ന. പിതാവായ മാർ തോമ്മായുടെ വഴിതെററിയ മക്കളും നമ്മോടു ജാതിയിലും റീത്തിലും യോജിച്ചിരിക്കുന്നവരും, നമ്മുടെ സ്വദേശികളുമായ മലയാളത്തിലുള്ള പൌരസ്ത്യ അകത്തോലിക്കരായ യാക്കോബായക്കാരുടെയും നവീകരണ സുറിയാനിക്കാരുടെയും, തൃശ്ശിവപേരൂരുള്ള ശിശ്മക്കാരുടെയും, നെസ്തോറിയർ അഥവാ, "സുറായി"കളുടെയും, പ്രോട്ടസ്റ്റൻറുകാരായ ആംഗ്ലിക്കൻ സുറിയാനിക്കാരുടെയും മാനസ്സാന്തരത്തിനുവേണ്ടി പ്രാൎത്ഥിക്കുന്നതിനും വേലചെയ്യുന്നതിനും നമുക്കു പ്രത്യേകിച്ചുള്ള കടമയുണ്ടെന്നുള്ളതും ഇവിടെ സ്മരണീയമാണ്. ഉദ്ദേശം ൩ ലക്ഷത്തിലധികം വരുന്ന ഇവരും നമ്മോടു യോജിക്കുന്നപക്ഷം ദൈവത്തിനു എത്രയൊ സ്തുതിയും ന. പിതാവു മാർ തോമ്മാശ്ലീഹാക്കു എത്രയൊ സന്തോഷവും നമുക്കു എത്രയൊ പ്രയോജനവും വരുന്നതാകുന്നു. ആകയാൽ ഇതിനു പ്രതിബന്ധങ്ങളായ തെററുകളെയും ദുരഭിപ്രായങ്ങളേയും നീക്കുന്നതിനു കത്തോലിക്കാ സത്യങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങളേയും ലഘുലേഖകളേയും പ്രസിദ്ധപ്പെടുത്തിക്കൊണ്ടും ആവശ്യപ്പെട്ട സ്ഥലങ്ങളിൽ ദേവാലയങ്ങൾ പണി ചെയ്യിക്കുന്നതിനു പണസഹായവും മററും ചെയ്തുകൊണ്ടും നാം ശ്രമിക്കണം. യൂറോപ്പിലും അമേരിക്കായിലുമുള്ള ധനവാന്മാരും നിൎദ്ധനരുമായ കത്തോലിക്കർ ശക്തിപോലെ ഒത്താശ ചെയ്യുന്നതിന്റെ ഫലം നാമും നമ്മുടെ നാട്ടിൽത്തന്നെ കാണുന്നല്ലൊ. ആകയാൽ ന. പിതാവായ മാർ തോമ്മായുടെ തിരുനാൾ കൊണ്ടാടുന്ന ഈ മാസത്തിൽ പ്രത്യേകിച്ചു ഈ പിതാവിന്റെ വേലയുടെ ഫലം പൂൎത്തിയായി കാണ്മാൻ നമുക്കു ശ്രമിക്കാം.

ഴ്ഠ. ള

## ക്രിസ്തീയ കുടുംബം.

നേത്രങ്ങളെ ഉല്ലസിപ്പിക്കുന്ന വിവിധവൎണ്ണങ്ങളോടുകൂടിയ ചെടികളാലും പലതരത്തിലുള്ള ഫലവൃക്ഷങ്ങളാലും സുഗന്ധപുഷ്പങ്ങളെക്കൊണ്ടും അലംകൃതമായിരിക്കുന്ന ഒരു തോട്ടം എത്ര ആകൎഷണീയമായിരിക്കും? എന്നാൽ ദൈവഭക്തി, പരസ്പര സ്നേഹൈക്യത, സ്വകൃത്യനിൎവ്വഹണം ഇത്യാദി സുകൃതങ്ങളാൽ പ്രശോഭിതമായ ഒരു ക്രിസ്തീയകുടുംബം ദൈവമുൻപാകെയും മനുഷ്യദൃഷ്ടിയിലും ഈ തോട്ടത്തേക്കാൾ എത്രയൊ അധികം മനോഹരമാകുന്നു. നല്ലവൃക്ഷം മധുരഫലങ്ങളെ പുറപ്പെടുവിക്കുന്നതുപോലെ, സുഹൃത്തുക്കളായ മാതാപിതാക്കന്മാരിൽനിന്നു പിറന്ന് ദൈവഭക്തിയിൽ വളൎത്തപ്പെടുന്ന മക്കൾ സ്വൎഗ്ഗീയമാധുൎയ്യമുള്ള സുകൃതങ്ങളുടെ വിളനിലമാകുന്നു. കുടുംബാംഗങ്ങൾ ഭക്തകൃത്യങ്ങൾക്കാകൎഷിക്കപ്പെട്ട് പ്രതിദിനം ഉദയത്തിങ്കലും മദ്ധ്യാഹ്നത്തിലും സായങ്കാലത്തും ഭക്തിയോടുകൂടി ദൈവത്തെ നമസ്കരിച്ചു പ്രാൎത്ഥിക്കുന്നു. അവരുടെ സകല പ്രവൃത്തികളിലും, നേരിടുന്ന സന്തോഷസംഭവങ്ങളിലും, ദുഃഖാനൎത്ഥങ്ങളിലും അവരുടെ ഏകലാക്കു ദൈവചിത്തത്തോടുള്ള പൂൎണ്ണമായ യോജ്യതയാണ്. നീതിമൎയ്യാദകളും പരസ്നേഹകടമകളും സൎവ്വോപരി നിൎവ്വഹിക്കുന്നതിൽ അവൎക്കുള്ള താല്പൎയ്യം അനുകരണീയമെന്നേ പറയാനുള്ളൂ.

ഇപ്രകാരമുള്ള കുടുംബങ്ങളിൽ മാതാപിതാക്കൾ തമ്മിലുള്ള സ്നേഹവും മനോവിശ്വാസവും പരസ്പരം സഹായിക്കുന്നതിനും വിഷ്ടകളെ സന്തോഷത്തോടുകൂടി സഹിക്കുന്നതിനുമുള്ള ഒരുക്കവും അവരുടെ ജീവിതത്തെ സാക്ഷാൽ ക്രിസ്തീയമാക്കുന്നു. ദൈവം തങ്ങൾക്കു നൽകുന്ന കുസുമതുല്യങ്ങളായ സന്താനങ്ങളെ അവർ നിഷ്കപടമായി സ്നേഹിക്കുന്നതിനാൽ ശാരീരികവും മാനസികവു

മായ അവരുടെ വളർച്ചയ്ക്കു യാതൊരു ഭംഗവും വരാതിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുന്നു. ബാല്യം മുതൽ അവരുടെ സ്രഷ്ടാവും രക്ഷിതാവും ആയ സർവ്വേശ്വരനെ ഭയപ്പെട്ട് അദ്ദേഹത്തെ പൂർണ്ണഹൃദയത്തോടുകൂടി സ്നേഹിപ്പാനും നിശ്ചിത സമയങ്ങളിൽ പ്രത്യേകം സന്ധ്യാനേരത്തു അതിഭക്തിവണക്കത്തോടുകൂടി ജപം ചെയ്വാനും അവരെ അഭ്യസിപ്പിക്കുന്നു. അന്നവസ്ത്രാദികളും ദൈവികവും ലൌകികവും ആയ അറിവുകളും പ്രായാനുസരണം നൽകി, ദുർമ്മാതൃകകളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും പാപദുർഗ്ഗന്ധം വീശുന്ന സ്ഥലങ്ങളിൽനിന്നും അവരെ കാത്തുപരിപാലിച്ച ദൈവനിശ്ചയത്തിനൊത്തവണ്ണമുള്ള ഒരു ജീവിതാവസ്ഥക്ക് യോഗ്യരാക്കുന്നതിലാണ് ഈ ഉത്തമ മാതാപിതാക്കളുടെ പ്രധാന ശ്രദ്ധ. ഇതിൻവണ്ണം സന്മാർഗ്ഗത്തിലും ദൈവഭക്തിയിലും വളർത്തപ്പെടുന്ന മക്കൾ മാതാപിതാക്കന്മാരെ വേണ്ടവിധം ബഹുമാനിച്ച് അവരുടെ ആവശ്യങ്ങളിൽ തൃപ്തികരമാംവണ്ണം ആദരിച്ചു സഹായിക്കുന്നതിന് ഉപേക്ഷ വരുത്തുകയില്ല. തന്നിമിത്തം സ്വപ്രയത്നങ്ങളുടെ ഫലം ഇഹത്തിൽവച്ചുതന്നെ അനുഭവിച്ചുതുടങ്ങുകയും അവരുടെ വാർദ്ധക്യകാലം സന്തോഷത്തോടും സമാധാനത്തോടുംകൂടി കഴിച്ച് ഐഹികജീവിതം അവസാനിപ്പിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിക്കുകയുംചെയ്യും.

കുടുംബജീവിതത്തിൽ എല്ലാവർക്കും അനുകരണീയമായ ഒരുത്തമ മാതൃക, പരിശുദ്ധ കന്യാസ്ത്രീമറിയവും വിശുദ്ധ യൌസേപ്പ പിതാവും നമ്മുടെ ദിവ്യ രക്ഷിതാവായ ഈശോ മ്ശിഹായോടുകൂടി നസറസ്സിലെ ചെറിയ ഭവനത്തിൽ കഴിച്ച ജീവിതമുറയാണ്. ദൈവവിചാരണപ്രകാരം ഇതാ മാർ യൌസേപ്പ ആ കുടുംബത്തിന്റെ തലവനും പാലകനുമായി നിയമിക്കപ്പെട്ട തന്റെ പരിശുദ്ധ പത്നിക്കും വളർത്തുകുമാരനും ഭക്ഷണം, ഉടുപ്പ്, മുതലായവ സ്വപരിശ്രമത്താൽ നേടിക്കൊടുക്കുന്നതിന് വി. യൌസേപ്പ എത്രയോ വളരെ താല്പര്യപ്പെട്ടിരുന്നു എന്നും, ഇവരിരുവരുടേയുംനേരെ ഉണ്ടായിരുന്ന നിഷ്കളങ്കമായ സ്നേഹവും യാതൊരാപത്തിലും ഉൾപ്പെടുത്താതെ ഇവരെ കാത്താദരിക്കുന്നതിന് സർവ്വദാ വിനിയോഗിച്ചിരുന്ന നിഷ്കർഷയും ഏതു പ്രകാരമുള്ളതായിരുന്നു എന്നും വർണ്ണിക്കുന്നതിനു പ്രയാസമാണ്. പരിശുദ്ധ കന്യാസ്ത്രീമറിയം, ദേവമാതാവും ആകാശത്തിന്റെയും ഭൂമിയുടേയും രാജ്ഞിയും ആയിരുന്നിട്ടും തന്റെ ഭർത്താവിന് സകലത്തിലും അധീനപ്പെട്ട്, വീട്ടുജോലികൾ എല്ലാം ക്രമമായി നടത്തിവന്നതു എത്ര ആശ്ചര്യകരമായ സംഭവമാണ്. കൂടാതെയും ലോകരക്ഷക്കായി മനുഷ്യാവതാരം ചെയ്ത പരിശുദ്ധതമ ത്രിത്വത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാൻ, തന്റെ സൃഷ്ടികളായ മറിയത്തിനും യൌസേപ്പിനും സകല സംഗതികളിലും കീഴ്വഴങ്ങി അവരെ സഹായിച്ചുകൊണ്ട് മുപ്പതു വയസ്സുവരെ ജീവിച്ചു എന്ന ഈ പരമരഹസ്യം മനുഷ്യബോധം എങ്ങനെ ഗ്രഹിക്കും? സർവ്വപുണ്യങ്ങളുടേയും സുകൃതങ്ങളുടേയും ഒരു നിക്ഷേപമായിരുന്ന ഈ സ്വർഗ്ഗീയ കുടുംബജീവിതത്തേയാണ് സകലകുടുംബങ്ങളും അനുകരിക്കേണ്ടതു.

എന്നാൽ പ്രസ്തുത സൽഗുണങ്ങൾ അശേഷം ഇല്ലാത്ത ഒരു കുടുംബത്തിന്റെ നിർഭാഗ്യാവസ്ഥ ഏററവും പരിതാപകരമായ ഒന്നുതന്നെയാണ്. കുടുംബാംഗങ്ങൾക്കു പരസ്പരസ്നേഹവും മനോവിശ്വാസവും അന്യോന്യം സഹായിക്കുന്നതിനുള്ള താല്പര്യവും ഇല്ലെങ്കിൽ അവരുടെ ഇഹലോകവാസത്തിൽ എന്തൊരു സന്തോഷവും തൃപ്തിയുമാണുണ്ടാകുന്നതു? മാതാപിതാക്കൾ സ്വന്ത കുട്ടികളെ ക്രമമായി വളർത്താതിരുന്നാൽ ആ കുടുംബത്തിനും അയൽവാസികൾക്കുകൂടെയും ഉളവാകുന്ന ഉപദ്രവങ്ങളും നാശങ്ങളും ഇത്രയെന്നു ഏറക്കുറെ എല്ലാവർക്കും അറിയാവുന്നതാണ്. ഇഹത്തിലും പരത്തിലും സർവ്വദുരിതങ്ങളും നിറഞ്ഞ ഒരു ജീവിതത്തെ പ്രദാനംചെയ്യുന്ന അധർമ്മങ്ങൾ പ്രവർത്തിച്ചു കാലക്ഷേപം കഴിക്കുന്നതിന് ബുദ്ധിയുള്ള സൃഷ്ടികളായ മനുഷ്യരിൽ ചിലരെങ്കിലും മനസ്സാകുന്നതിനേക്കാൾ ലജ്ജാവഹമായിട്ടുള്ളതു മറെറാന്നുമില്ല.

[illegible]

## ദിവ്യകാരുണ്യാത്ഭുതങ്ങൾ.

### 1.

ക്രിസ്ത്വാബ്ദം ൧൨൪൦.

മിലാൻപട്ടണത്തിലെ ധനാഢ്യനായ ഒരു കത്തോലിക്കൻ, ആ പട്ടണത്തിൽ മതപ്രസംഗങ്ങൾ ചെയ്യുന്നതിനായി വന്നു താമസിച്ചിരുന്ന വിശുദ്ധ പത്രോസ് വെറോനാ എന്ന ദേഹത്തെ സാദരം സ്വഭവനത്തിൽ കൈക്കൊണ്ടു അതിഥിസൽക്കാരം ചെയ്തു പതിവായിരുന്നു. ഇങ്ങനെയിരിക്കെ, ഒരു ദിവസം സായംകാലത്തു പുണ്യവാൻ പതിവുപോലെ വൈദികജോലിയും കഴിച്ച് വളരെ ആലസ്യപ്പെട്ടു ടി. പ്രഭുവിൻെറ വീട്ടിൽവന്നു. അപ്പോൾ സാധാരണമായി അത്യന്ത സ്നേഹബഹുമാനാദികളോടുകൂടി സ്വീകരിക്കുക പതിവായിരുന്ന വീട്ടുടമസ്ഥൻ അദ്ദേഹത്തെ വീട്ടിൽകയററിയതേയില്ല. അത്ഭുതമേ! ഈ പകർച്ചയ്ക്കു കാരണമെന്താണ്? അനന്തരം പുണ്യവാനുമായി ഉണ്ടായ സംഭാഷണമദ്ധ്യേ കാരണവും വെളിവെട്ടു. എന്തെന്നാൽ വിശുദ്ധ പത്രോസ് പ്രസംഗിക്കാൻ പോയിരുന്ന സമയം മനിക്കേയ എന്ന പതിതമതത്തിൽ ഉൾപ്പെട്ട ഒരാൾവന്ന് പുണ്യവാനു നൽകിയിരുന്ന ആതിഥ്യത്തെപ്പററി പ്രഭുവിനെ ശകാരിക്കയും പത്രോസ് വെറോനാ സത്യവിരോധിയാണെന്നും തൻെറകൂടെ വന്നാൽ പരിശുദ്ധ കന്യകയെ കാണിച്ചുതരാമെന്നും അവിടുന്ന് അനേകം സംഗതികൾ അരുളിച്ചെയ്യുമെന്നും അയാളോടു പറയുകയുണ്ടായി. പരമാർത്ഥിയായ കത്തോലിക്കൻ ആ പതിതൻെറ വാക്കുകൾ വിശ്വസിച്ച്, പരിശുദ്ധ കന്യകയെ കണ്ടു സംസാരിക്കണമെന്നുള്ള അതിയായ കൌതുകം നിമിത്തം അവൻെറകൂടെപോയി ഇടത്തുട്ടുകാർ സമ്മേളിക്കുന്ന ഒരു സ്ഥലത്തു പ്രവേശിച്ചു. അപ്പോൾ ഏററവും പ്രഭയോടുകൂടിയ ഒരു സ്ത്രൈണരൂപം കൈയ്യിൽ ശിശുവിനേയും എടുത്തുകൊണ്ടു അവിടെ ഉണ്ടായിരുന്ന ഒരു പീഠത്തിൽ ഉപവിഷ്ടയായി, ആ കത്തോലിക്കനോടു ഇപ്രകാരം പറഞ്ഞു: "എൻെറ മകനെ! നീ തെററിലാണ് നില്ക്കുന്നത്. സത്യം ഇവിടെയാണ്; കത്തോലിക്കരുടെ ഭാഗത്തല്ല. ഇതു ഠരംശോയുടെ മാതാവായ ഞാനാണു നിന്നോടു പറയുന്നത്"— ഇതു കേട്ടു ആ നിർഭാഗ്യപ്പെട്ടവൻ വിശ്വസിച്ചു മനിക്കെയ ഇടത്തുട്ടിൽ ചേൎന്നു. വിശുദ്ധ പത്രോസ് വെറോനാ സംഗതികളെല്ലാം അറിഞ്ഞതിൻെറശേഷം ആ പ്രഭുവിനോടു ഇപ്രകാരം പറഞ്ഞു. "ഇങ്ങനെ എല്ലാം നിന്നോടുപറകയും മററും ചെയ്ത ആളിൻെറ പക്കൽചെന്നു പരിശുദ്ധ കന്യകയെ എനിക്കു കാണിച്ചു തരാമെങ്കിൽ ഞാനും കൂടെ മനിക്കെയനായിക്കൊള്ളമെന്നു അറിയിക്കണം,, ഉടൻ ഒരു പുതിയ അനുഗാമിയെക്കൂടെ കിട്ടീട്ടുണ്ടെന്നു ഇടത്തുട്ടുകാരനോടു ചെന്നറിയിക്കയും പറഞ്ഞതുപോലെ കാണിച്ചുകൊടുക്കാമെന്നു അവൻ സന്തോഷപുരസ്സരം സമ്മതിക്കയും ചെയ്തു. നമ്മുടെ വിശുദ്ധൻ ആ രാത്രി മുഴുവനും പ്രാൎത്ഥനയിൽ ചെലവഴിച്ചു. പിറെറ ദിവസം നേരത്തെ അദ്ദേഹം കുബ്ബാന ചൊല്ലുകയിൽ വേറൊരു ഓസ്തി കൂടെ കൂദാശ ചെയ്കയും കുബ്ബാന കഴിഞ്ഞു ആ തിരുഓസ്തി ഒരു കുസ്തോദിയിൽ എടുത്തു നെഞ്ചിൽ ഭക്തിപൂർവ്വം മറച്ചുവയ്ക്കയും ചെയ്തുകൊണ്ടു മനിക്കെയരുടെ യോഗത്തിൽ ചെന്നുചേൎന്നു. അപ്പോൾ മദ്ധ്യസ്ഥൻെറ ഉദ്യോഗം ഏററിരുന്നയാൾ പതിവനുസരിച്ച്, ഒരു കൎമ്മം നടത്തിയ ഉടൻ മേല്പറഞ്ഞപോലെ പ്രശോഭിതയായ ഒരു സ്ത്രീ പീഠത്തിന്മേൽ പ്രത്യക്ഷയാവുകയും പുതുതായി വന്ന പത്രോസ് സത്യജ്ഞാനവിഹീനനാണെന്നു പറഞ്ഞു അദ്ദേഹത്തെ നിഷ്കരുണമായി ശാസിക്കുകയും ചെയ്തു. അപ്പോൾ ആ വിശുദ്ധൻ തിരു ഓസ്തി എടുത്തുകാണിച്ചുകൊണ്ടു, നീ സാക്ഷാൽ ദൈവജനനിയാണെങ്കിൽ, നിൻെറ പുത്രനെ കുമ്പിട്ടാരാധിക്ക,, എന്നു പറഞ്ഞു. ഈ വാക്കുകൾ കേട്ടു ഉടനെ പ്രത്യക്ഷമായ രൂപം ആ മുറിയിൽ മഹാ ദുർഗ്ഗന്ധം വീശി, പുകപോലെ മറഞ്ഞുപോകയും ഇതു കണ്ട ആളുകൾ പിശാചു തൻെറ സൃഷ്ടിനാഥൻെറ സാന്നിദ്ധ്യം ഭയന്നു ഓടിപ്പോയതാണെന്നു ഗ്രഹിക്കയും ചെയ്തു.

## II.

### ക്രിസ്ത്വാബ്ദം ൧൬൩൯.

പീയെ മൊന്ത ദേശത്തിൻെറ പ്രഭുവായിരുന്ന കാർളോസ് എമ്മാനുവെൽ ദ്വിതീയനു പ്രായപൂർത്തിയാകുന്നതിനു മുമ്പു അവിടെ വളരെ കലഹങ്ങളുണ്ടായിരുന്നു.

ഇദ്ദേഹത്തിൻെറ മാതാവായിരുന്ന മരീയ ക്രിസ്റ്റീനാ എന്ന പ്രഭ്വിയുടെ സ്ഥാനത്തെ ഗണ്യമാക്കാതെ, പ്രിൻസു തോമ്മാസ് എന്നയാൾ രാജ്യഭരണം കൈക്കലാക്കുവാൻ ഉദ്യമിക്കയും അതിലേക്കു സ്പെയിൻകാരുടെ ഒത്താശ ലഭിക്കയും ചെയ്കയുണ്ടായി. പ്രസ്തുത പ്രഭ്വിയാകട്ടെ ഫ്രാൻസിലെ രാജാവായിരുന്ന ൧൩-ാം ലൂയിസിൻെറ സഹോദരിയായിരുന്നതുകൊണ്ടു അവളെ സഹായിക്കുന്നതിനായി തൻെറ പട്ടാളത്തെ അദ്ദേഹം അയച്ചുകൊടുത്തു. ഫ്രഞ്ചു സൈന്യം ൧൬൩൯ മെയി ൧൦നു ടൂറിൻ നഗരത്തെ ചുററിവളഞ്ഞു ൧൨-ാംനു പലയാക്രമണങ്ങളുടെശേഷം മൌൻടെയിൻ എന്ന കോട്ട പിടിച്ചെടുത്തു. അപ്പോൾ അവിടെ ഉണ്ടായിരുന്ന കാവൽ പട്ടാളവും സമീപഗ്രാമവാസികളും ഓടി, കപ്പുച്ചീൻ സഭക്കാരുടെ ആശ്രമദേവാലയത്തിലാണ് അഭയംപ്രാപിച്ചത്. ജയവീരന്മാരോ ദേവാലയത്തിൻെറ വിശുദ്ധിയെപ്പോലും ഗൌനിക്കാതെ, പള്ളിയിൽ കയറി അഭയം പ്രാപിച്ചിരുന്ന ആളുകളെ നിഷ്ഠുരമായി സംഹരിക്കയും കണ്ടതെല്ലാം അപഹരിച്ചെടുക്കയുമാണു ചെയ്തത്. ഈ സംഹാരത്തിൻെറയും കൊള്ളയുടേയും ഇടയ്ക്കു അതിദുർനിവൃകാരനായ ഒരു യോധാവു ബലിപീഠത്തിൽ കയറി ദിവ്യകാരുണ്യപ്പെട്ടിയുടെ വാതിൽ കുത്തിത്തുറന്ന് വിശുദ്ധ കുർബ്ബാന വെച്ചിരുന്ന തിരുപ്പാത്രം എടുക്കാൻ കൈ നീട്ടുകയിൽ വിശുദ്ധ പാത്രത്തിൽ നിന്നും ഒരു അഗ്നിജ്വാല പുറപ്പെട്ടു ആ നിർഭാഗ്യൻെറ മുഖത്തും നെഞ്ചിലും കത്തി എരികയും അവൻെറ വസ്ത്രം അശേഷം ദഹിപ്പിച്ചുകളകയും ഉണ്ടായി. അപ്പോൾ അവൻ അത്യന്തം പരിഭ്രമിച്ചു നിലത്തു പതിക്കയും എൻെറ ദൈവമേ! എൻെറ ദൈവമേ!! എന്നു വിളിച്ചുകൊണ്ടു പള്ളിയിൽനിന്നു ഓടി പുറത്തിറങ്ങുകയും ചെയ്തു. ഈ നിലവിളികൾ കേട്ടും തങ്ങൾ അശുദ്ധമാക്കിയ ദേവാലയം മുഴുവനും തീപ്പൊരികൊണ്ടു നിറഞ്ഞിരിക്കുന്നതുകണ്ടും ശേഷം അക്രമികളും ഭയവിഹ്വലന്മാരായി തൽക്ഷണം അവിടം വിട്ടുപോയി.

. ഷാം . 2 . ഥ

---

### വി: അന്നാ അമ്മ.

വേദപുസ്തകത്തിൽ അന്നാ എന്ന നാമധേയത്തിൽ അറിയപ്പെട്ടിട്ടുള്ളവരായി മൂന്നുപേരാണുള്ളത്. സാമുവേൽ ദീർഘദർശിയുടെ മാതാവാണ് ഒന്നാമത്തെയാൾ. രണ്ടാമത്തെയാൾ വലിയ തുബീസിൻെറ ഭാര്യയാകുന്നു. യോയാക്കീം ബാവായുടെ ഭാര്യയും പരിശുദ്ധ കന്യക മറിയത്തിൻെറ മാതാവുമായ മൂന്നാമത്തെ അന്നയെക്കുറിച്ചാണ് അല്പം ഇവിടെ വിചിന്തനം ചെയ്വാൻ പോകുന്നത്. വി. അന്നാ അമ്മയുടെ നേക്കുള്ള ഭക്തി ഏറെക്കുറെ കേരളകത്തോലിക്കരുടെ ഇടയിലും ഉണ്ടെന്നുള്ളതിനു, ഈ വിശുദ്ധയുടെ നാമധാരിണികളായി ഇവിടെ പലരും ഉണ്ടെന്നുള്ളതു ഒരു സാക്ഷ്യമാണല്ലൊ. എന്നാൽ വി. അന്നാ അമ്മയുടെ സ്ഥാനമഹിമകളെ ആലോചിക്കുന്ന പക്ഷം, നമ്മുടെ വല്യമ്മയായ ഈ വിശുദ്ധയെ എത്ര തന്നെ നാം കൊണ്ടാടിയാലും അതു അധികമായി എന്നു വരുന്നതല്ല. ഒരു വൃക്ഷം അതിൻെറ ഫലത്തിൽ നിന്നറിയപ്പെടുന്നു എന്നുള്ള വേദവാക്യത്തെ അടിസ്ഥാനപ്പെടുത്തി പറയുന്നതായാൽ വി. അന്നാ അമ്മ എത്ര പരിശുദ്ധയും മഹോന്നത ദൈവദാനങ്ങളാൽ അലംകൃതയുമായിരുന്നു എന്ന്, അവിടുത്തെ ഏകഫലമായ പരിശുദ്ധ മറിയത്തിൽനിന്നും വിശദമാകുന്നുണ്ട്. മറിയം ദൈവത്തിൻെറ മാതാവാകയാൽ വി. അന്നാ അമ്മ ദൈവത്തിൻെറ മാതാമഹിയാകുന്നു. ദൈവത്തിൻെറ വല്യമ്മ എന്ന മഹോന്നത സ്ഥാനത്തിന്നർഹയായ ഈ വിശുദ്ധ ദൈവസിംഹാസനത്തിങ്കൽ എ

ത്ര ശക്തിമത്തായ മാദ്ധ്യസ്ഥം നമുക്കവേണ്ടി വഹിക്കുന്നു എന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. ഈ വിശുദ്ധയുടെ തിരുനാൾ ഈ മാസം വ്വ—ാംനു-യാണ് ആഘോഷിക്കപ്പെടുന്നതു്. ഈ തിരുനാളിന്നു മുമ്പുള്ള മൂന്നു ദിവസങ്ങളിലെങ്കിലും ഈ അമ്മയെക്കുറിച്ചു പ്രത്യേക പ്രാർത്ഥനകളും മററു ഭക്ത കൃത്യങ്ങളും നടത്തി ഈ തിരുനാൾ യോഗ്യമാംവണ്ണം കൊണ്ടാടുന്നതായാൽ ആത്മികവും ദൈഹികവുമായ അനവധി നന്മകൾ നമുക്കു ലഭിക്കുന്നതാണ്.

---

## വി. യൌസേപ്പു പിതാവു്.

(൭)

മ്ശിഹായുടെ ദൈവ- മാനുഷ- ബന്ധ ശ്രേണികയിൽമാർ യൌസേപ്പിൻെറസ്ഥാനം.

ദൈവത്തിൻെറ സകല പ്രവൃത്തികളുടേയും ക്രമികരണം സമ്പൂൎണ്ണ അന്യൂനമായിരിക്കുമെന്നുപറയേണ്ടതില്ലല്ലോ. മ്ശിഹാ ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള തിരുസഭതന്നെ ആ സ്വൎഗ്ഗീയ സീയോനോടു അനുരൂപപ്പെട്ടാണിരിക്കുന്നതു്. സ്വൎഗ്ഗത്തിൽ മാലാഖാമാരുടെ മൂന്നു ശ്രേണികകളും (Hierarches or orders) ഇവയിൽ മുമ്മൂന്നു പദവികളും ഉൾപ്പെട്ടിരിക്കുന്നു. ഇതേവിധം തിരുസഭയിൽ പല ശ്രേണികകളും പദവികളും ഉണ്ടു്. ഇവ സ്ഥാനം നിമിത്തം ദൈവത്തോടുള്ള സാമീപ്യത്തെ അനുസരിച്ച് യഥാക്രമം ശ്രേഷ്ഠതയിലും മുന്നിട്ടുനിൽക്കും എന്നാകുന്നു വിശുദ്ധ തോമ്മാ അക്വിനാസിൻെറ പ്രബോധനം. എന്നാൽ താദൃശപദവികളേക്കാൾ പരമോന്നതമാകുന്നു മ്ശിഹായുടെ ദൈവ- മാനുഷ- ബന്ധം (Hypostatic Union) ഈ ബന്ധത്താൽ സാധിതമാകുന്നതു്, മ്ശിഹാ ദൈവവും മനുഷ്യനുമായിരിക്കുന്നുവെന്നത്രേ. അതിനാൽ ചുരുക്കത്തിൽ ഇപ്രകാരം നിൎവ്വചിക്കാം:— ദൈവസ്വഭാവവും മനുഷ്യസ്വഭാവവും അവയുടെ സൎവ്വസംപൂൎണ്ണതയോടെ വിഭിന്നങ്ങളായിരുന്നുകൊണ്ടു്, ഏക ദൈവിക ആളിൻെറ മ്ശിഹായിലുള്ള ഏന്നേക്കും അഭേദ്യമായ ഐക്യമാകുന്നു ദൈവ—മാനുഷ— ബന്ധം. ഇതു മാനുഷ്യാവതാരം മൂലം സംഭവിക്കയും ചെയ്തു.

മനുഷ്യാവതാരത്തിനു മുമ്പേതന്നെയും മ്ശിഹായുടെ പൂൎവ്വപിതാക്കന്മാരായി പല പാത്രിയക്കമാരേയും ദൈവം തെരിഞ്ഞെടുത്തു. ഇവരിൽ അബ്രാഹം, ദാവീദ് മുതലായ ചിലർ തങ്ങളുടെ രക്തത്തിൽനിന്നുമാണു മ്ശിഹാ ജനിപ്പാനിരിക്കുന്നതെന്നു വിശേഷാൽ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. മ്ശിഹായുടെ ആചാൎയ്യത്വം, ക്രൂദാശകൾ, രാക്തികബലി മുതലായവയെ മുമ്പിനാലെ രൂപീകരിക്കുന്നതിനുവേണ്ടി വൈദികപാരമ്പൎയ്യത്വം ലെവീത്തികൾക്കു നൽകി. കന്യകയിൽനിന്നുള്ള മ്ശിഹായുടെ ജനനം, ജനനസ്ഥലം, തൻെറ ഉപദേശങ്ങൾ, അത്ഭുതങ്ങൾ, കഷ്ടാനുഭവം, മരണം, ഉത്ഥാനം, സ്വൎഗ്ഗാരോഹണം ആദിയായവയെ തൻെറ ആവിർഭാവത്തിനു അനേകം ശതവൎഷം മുമ്പേ ലോകത്തിൽ അറിയിപ്പാനായി പ്രവാചകന്മാരേയും ദൈവം നിയോഗിച്ചിരുന്നു. എന്നാൽ ഈ പ്രവാചകന്മാരിൽ പ്രഥമ്യം വിശുദ്ധ സ്നാപകയോഹന്നാനാകുന്നു. എന്തെന്നാൽ മ്ശിഹായുടെ സമാനകാലീനനും മ്ശിഹായെ തൻെറ ഹസ്തവിക്ഷേപണത്താൽ ജനങ്ങൾക്കു കാണിച്ചു കൊടുത്തവനും ഈ മഹാത്മാവത്രെ. വിശുദ്ധ യോഹന്നാൻെറ ഈ ഭാഗ്യാതിരേകത്തെക്കുറിച്ചു നമ്മുടെ ദിവ്യരക്ഷകൻ തന്നെ അരുളിച്ചെയ്തിട്ടുണ്ടു്. വിശുദ്ധ ലൂക്കായുടെ സുവിശേഷം ഏഴാം അദ്ധ്യായത്തിൽ "സ്ത്രീകളിൽനിന്നു ജാതരായ പ്രവാചകന്മാർ ആരും സ്നാപകയോഹന്നാനെക്കാൾ വലിയവരായില്ല" എന്നു എഴുതപ്പെട്ടിരിക്കുന്നു.

മ്ശിഹായുടെ ജീവിതകാലത്തുതന്നെ ശ്ലീഹന്മാർ തുടങ്ങി പലേ പദസ്ഥന്മാരും തിരുസഭയിൽ ഉണ്ടു്. ശ്ലീഹന്മാർ ലോകം മുഴുവനും എല്ലാക്കാലത്തേക്കും മ്ശിഹായുടെ ദൈവത്വത്തിനു ഉത്തമസാക്ഷികളായിരുന്നു. അവിടുത്തെ പഠനത്തേയും നിബന്ധനകളേ

യും മററും എല്ലാ ജാതികൾക്കും ഉപദേശിച്ച് അവരെ രക്ഷയുടെ പന്ഥാവിലേക്ക ആനയിച്ചുകൊണ്ടു തിരുസഭാസ്ഥാപനത്തെ പ്രബലപ്പെടുത്തിയിരുന്നതു ഈ ശ്ലീഹന്മാർ തന്നെ ആയിരുന്നു. അതിനാൽ തിരുസഭയിൽ വണങ്ങപ്പെടുന്ന പുണ്യവാന്മാരുടെ ശ്രേണികയിൽ ഇതര പുണ്യവാന്മാരേക്കാൾ അധികമായ ദൈവവരപ്രസാദം ഈ ശ്ലീഹന്മാക്കാണ് ലഭിച്ചിട്ടുള്ളതെന്നു വിശുദ്ധ തോമ്മാ അക്വിനാസ് പഠിപ്പിക്കുന്നു. (ഇതിൽ കുറഞ്ഞ പദവികളേക്കുറിച്ചു ഈ തരുണത്തിൽ ചിന്തിക്കേണ്ടതേയില്ല) എന്നാൽ മ്ശിഹായുടെ ദൈവ- മാനുഷ- ബന്ധം ഇവയേയൊക്കെയും അവർണ്ണ്യമായിഅതിശയിക്കുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലെല്ലോ. ദൈവദൂതന്മാർ തന്നെയും ഈ ബന്ധത്തിനു കീഴ്പ്പെട്ടിരിക്കുന്നു. ഈ ബന്ധത്തിൻെറ പ്രാധാന്യ മാഹാത്മ്യങ്ങൾ, മ്ശിഹാ ഇതിൻെറ ആരംഭകനും നാഥനുമായിയിരിക്കുന്നതിൽ തന്നെ അടങ്ങിയിരിക്കുന്നു. തൻെറ ജനനത്തിനു മുമ്പ് പോലും മ്ശിഹായിലുള്ള വിശ്വാസംകൊണ്ടു എന്തുമാത്രം ആളുകൾ രക്ഷപ്രാപിച്ചിരിക്കുന്നു. തന്നിൽ മാത്രമെ സത്യവും രക്ഷയും ജീവനും ഉള്ളുവെന്നു നമുക്ക പൂർണ്ണമായി അറിയാം. സൂര്യനെ ആശ്രയിച്ചു ഇതര ഗ്രഹങ്ങൾ സ്ഥിതി ചെയ്യുന്നപോലെ, മ്ശിഹായെ അവലംബിച്ചാകുന്നു സകല പുണ്യശ്രേണികളുടെയും സദ്ഭാവം തന്നെ. തീയോടു അധികം അടുത്തിരുന്നാൽ ചൂട് അത്രക്കും കൂടുതലായിരിക്കുംപോലെ മ്ശിഹായോടുള്ള സാമീപ്യത്തെ അനുസരിച്ചു പുണ്യപദവികൾക്കും മഹിമാവിശേഷം ഉണ്ടായിരിക്കും. അതിനാൽ മ്ശിഹായുടെ ദൈവ- മാനുഷ- ബന്ധത്തേക്കാൾ ഉന്നതമായ മറെറാരു പദവി ഇല്ലെന്നുള്ളതിൽ യാതൊരു സന്ദേഹവുമില്ല.

എന്നാൽ മാർ യൌസേപ്പിന്നും ഈ ബന്ധശ്രേണിയിൽ സ്ഥാനമുണ്ടെന്നു വേദജ്ഞന്മാർ പഠിപ്പിക്കുന്നു. സത്യമായി ദൈവവും സത്യമായി മനുഷ്യനും ആയ മ്ശിഹായുടെയും ദൈവത്തിൻേറയും മനുഷ്യരുടേയും സത്യമായി മാതാവായ മറിയയും മറിയത്തിൻെറ വാസ്തവ ഭർത്താവും മ്ശിഹായുടെ കല്പിതപിതാവും (Pater Putativus) ആയ യൌസേപ്പും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. മനുഷ്യാവതാരത്തിലും ലോകരക്ഷയിലും മിശിഹായുടെ പ്രധാന കർത്തൃത്വത്തെപ്പററി ആരും ശങ്കിക്കുന്നതല്ല. എന്നാൽ മറിയം ഇതിൻെറ അടുത്ത സഹകാരിണിയായും മാർ യൌസേപ്പു ഇവരുടെ വിശ്വസ്ത സങ്കേതമായിട്ടും ഗണിക്കപ്പെടുന്നു. ഇങ്ങനെ എത്രയും പൂർണ്ണമായ സ്വാഭാവികാനുയോജ്യതയോടെയാകുന്നു മ്ശിഹാ മനുഷ്യാവതരണം ചെയ്തിട്ടുള്ളതു്.

ഈ വിധത്തിൽ മാർ യൌസേപ്പിനേയും ഈ മഹദ്പദത്തോടു അനുബന്ധിക്കുന്നതു കേവലം ഒരു ഭക്താഭിപ്രായം മാത്രമല്ല; യഥാർത്ഥമായ ദൈവശാസ്ത്രത്തിൻെറ നിഷേധിക്കാൻ പാടില്ലാത്ത ഒരു നിർണ്ണയമാണ്. നാലു ശതാബ്ദത്തിനു മുമ്പേ ജീവിച്ചിരുന്ന സ്വാരേസ് എന്ന വേദവിജ്ഞൻ, അപ്പസ്തോലന്മാക്കാണ് ഏററവും അധികമായ ദൈവേഷ്ടപ്രസാദം ലഭിക്കുന്നതിനിടയായിട്ടുള്ളതെന്നു സ്ഥാപിച്ചതിൻെറശേഷം ഇങ്ങനെ പറയുന്നു. "ദൈവമാതാവിൻെറ സ്ഥാനത്തെപ്പററി സാധിച്ചതുപോലെ ദൈവ- മാനുഷ- ബന്ധത്തോടുചേന്നതായ ഇതരസഹവർത്തനങ്ങളുമുണ്ട്. അവയും അതിനാൽ തന്നെ പരിപൂർണ്ണതയുമുള്ളതാകുന്നു. വിശുദ്ധ യൌസേപ്പിൻെറ പരിശുശ്രൂഷകൾ ഈ ശ്രേണിയിൽ ഉൾപ്പെടുന്നു. ഇതു ഈ ശ്രേണിയുടെ താഴ്ന്ന പടിയിലാണെങ്കിലും, ഈ മഹോന്നത ശ്രേണിയിൽ ചേർന്നിരിക്കകൊണ്ടു തന്നെ മററുള്ളവയെ സർവ്വപ്രകാരേണയും അതിശയിച്ചിരിക്കുന്നു." ശാസ്ത്രീയമായ ഈ അനുമാനം മാർ യൌസേപ്പിൻെറനേക്കുള്ള ഭക്തിക്ക ലോകത്തിൽ ഇപ്പോഴത്തേപ്പോലെ പ്രചുരപ്രചാരം സിദ്ധിച്ചിട്ടില്ലാത്ത കാലത്തുണ്ടായതാണെന്നുള്ളതും വിശേഷാൽ പ്രസ്താവ്യമായിരിക്കുന്നു. ജിരംഗവാനിദെകർത്തജിനാ എന്ന ദേഹവും തൻെറ ശാസ്ത്രപഠനത്താൽ ഇതേ അനുമാനത്തെത്തന്നെ സ്ഥിരീകരിച്ചിട്ടുണ്ട്. പതിന്നാലാം ബെനദീക്തോസ് മാർപ്പാപ്പായാൽ എത്രയും

ശ്ലാഘിക്കപ്പെട്ടവനായ ജിസേപ്പ പത്രിഞ്ഞനി എന്ന വന്ദ്യ വൈദികൻ പ്രസ്താവിച്ചിരിക്കുന്നതു് ഇപ്രകാരമാണ്" മാർ യൌസേപ്പ് തിരുക്കുടുംബത്തിൻെറ നാഥനായും 'മനുഷ്യപുത്രൻെറ' അടുത്ത ശുശ്രൂഷകനായും നിയമിക്കപ്പെട്ടിരുന്നതിനാൽ സ്ഥാനത്തിൽ ഇതരപുണ്യവാന്മാരേക്കാൾ ഉയന്നവനാകുന്നു. തന്നിമിത്തം തിരുസഭയിലുള്ള എല്ലാററിലും ഉന്നതമായ ശ്രേണിയിൽ താൻ ഭാഗ്യമോടെ ഉൾപ്പെട്ടിരിക്കയും ചെയ്യുന്നു."

(തുടരും.)

ഏണേക്കാട്ടു യൌസേപ്പ കത്തനാർ.

---

## രാജകുമാരൻെറ ജപമാല.

നെപ്പോളിയൻ ചക്രവത്തിയായിരിക്കയിൽ ഒരിക്കൽ ഒരു നാടകാഭിനയത്തിനു പോയപ്പോൾ അനുചരനായി ഒരു രാജകുമാരനെക്കൂടെ കൊണ്ടുപോകയുണ്ടായി. നാടകം ബഹു ഭംഗിയായി നടക്കുന്നു; സദസ്യരാസകലം ആനന്ദപ്രവശരായി ഉല്ലസിക്കുന്നു. എന്നാൽ ചക്രവത്തി പലപ്പോഴും നോക്കിയതിൽ തൻെറ സ്നേഹിതനായ ആ രാജകുമാരൻമാത്രം ഇതുകൊണ്ടൊന്നും അശേഷവും സന്തുപ്തനാകാത്തവിധത്തിൽ എന്തോ കയ്യിൽ പൊത്തിപ്പിടിച്ചുകൊണ്ടു മൌനമായി ഇരിക്കുന്നതായി കാണപ്പെട്ടു. അതിൻെറ രഹസ്യം മനസ്സിലാക്കണമെന്നുതന്നെ നെപ്പോളിയൻ നിശ്ചയിച്ചു തരംനോക്കി ഒരിക്കൽ രാജകുമാരൻെറ കൈക്കു കടന്നുപിടിച്ചു. യുവാവു നന്നേ പരുങ്ങി. എങ്കിലും കയ്യിലിരുന്ന സാധനം ചക്രവത്തിയുടെ കൈവശമായി. അതു ഒരു ചെറിയ ജപമാലയായിരുന്നു. രാജപുത്രൻ അതു കയ്യിൽ മറച്ചുപിടിച്ചുകൊണ്ടു ജപിക്കുകയായിരുന്നു.

"അഗസ്റ്റസേ! ക്ഷമിക്കണം. നീ ഈ രംഗത്തിൽ നടക്കുന്ന ഭോഷത്തരങ്ങളിൽ നിന്നൊക്കെ വളരെ അകലമാണെന്നു ഇപ്പോഴാണ് എനിക്കു മനസ്സിലായതു്. ഒരുകാലത്തു നീ സാക്ഷാൽ ഒരു മനുഷ്യനായിത്തീരും സംശയമില്ല. നിൻെറ ജോലിയെ നിർവ്വിഘ്നം നിവ്വഹിച്ചുകൊള്ളുകതന്നേ" എന്നു പറഞ്ഞു് ചക്രവത്തി ജപമാല തിരികെ കൊടുക്കയും ചെയ്തു.

രാജകുമാരൻ നാടകശാലയിൽപോലും ജപമാല ധരിച്ചിരുന്നു! എന്നാൽ ഇപ്പോഴാകട്ടെ കൊന്തനമസ്കാരം എത്തിക്കുന്ന നേരത്തുപോലും മോക്ഷരാജ്ഞിയുടെ ഈ ദിവ്യാഭരണം വഹിക്കുന്നതു തുലോം ഭാരമായി ചിലക്കു തോന്നിപ്പോകുന്നു. ഇടവിടാതെ ജപമാല ദേഹത്തിൽ ധരിച്ചുകൊണ്ടു നടക്കുന്നവർ ഈ അമ്മയുടെ പ്രത്യേക സഹായാദരവുകൾക്കു പാത്രീഭവിക്കുന്നതുകൂടാതെ, പ്രത്യേക ദണ്ഡവിമോചനങ്ങൾക്കു അർഹന്മാരാകുന്നതുമാണ്. ഇതുകൂടാതെ ക്രോസിയർ എന്ന ദണ്ഡവിമോചനവാഴ ലഭിച്ചിട്ടുള്ള കൊന്തകളിൽ എപ്പോഴെങ്കിലും ഒരു ആകാശങ്ങളിലിരിക്കുന്നതോ ഒരു നന്മനിറഞ്ഞമറിയമോ ചൊല്ലുമ്പോഴൊക്കയും അഞ്ഞൂറു ദിവസത്തെ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. ആകയാൽ കൊന്ത ധരിക്കാതിരിക്കുന്നതിനു ഓരോ കാരണങ്ങൾ പറഞ്ഞു ഉദാസീനരായി നടക്കുന്നവർ എത്രമാത്രം ദണ്ഡവിമോചനങ്ങൾ നഷ്ടപ്പെടുത്തിക്കളയുന്നു! ബെസ്യക്കാക്കായിലെ ദുരിതങ്ങളെ എന്തുമാത്രം അധികരിപ്പിക്കുന്നു.

---

## വന്ദ്യ ഏമാർഡ് വൈദികൻെറ ജീവചരിത്രം.

(തുടർച്ച)

ശയനശാലയ്ക്കോ, പ്രാത്ഥനാലയത്തിനൊ, കപ്പേളയ്ക്കോ ആകട്ടെ ഈ ഏക ഭവനമല്ലാതെ വേറെ യാതൊന്നും അവക്കില്ലായിരുന്നു. ഈ ഗൃഹത്തിൽ ഒരു ഭാഗം കപ്പേളക്കായി അവർ ഉപയോഗപ്പെടുത്തി. ബലിപീഠത്തിൻെറ നഗ്നതയെ മറയ്ക്കുന്നതിനു ഒരു കഷണം വെളുത്ത വക്കശീലയല്ലാതെ വേറെ യാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഈ കപ്പേള ദാരിദ്ര്യത്തിൽ ബേസലഹം ഗുഹയെ

ച്ചോലും പിന്നിലാക്കിയിരുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ബലിപീഠത്തിന്നാവശ്യകങ്ങളായ സകലവും കടം വാങ്ങിയാണു നിവൎത്തിച്ചുപോന്നിരുന്നതു്. ദാരിദ്ര്യത്തിൽ പ്രിയനായ ഈ വന്ദ്യസഭാസ്ഥാപകൻ, മുമ്പൊരിക്കലും ഇത്ര വലിയ ദാരിദ്ര്യം അനുഭവിക്കുന്നതിനിടയായിട്ടില്ല എന്നു പറയത്തക്കവണ്ണം സകലത്തിലും ദാരിദ്ര്യം ശോഭിച്ചിരുന്നതുകൂടാതെ അത്യാവശ്യപ്പെട്ട കൂട്ടങ്ങൾകൂടി കിട്ടാതെ കഷ്ടപ്പെട്ടിരുന്നു. വിശുദ്ധ ദിവ്യകാരുണ്യം സദാ പരസ്യമായി സ്ഥാപിക്കേണമെന്നുള്ള ഈ നൂതന സഭയുടെ പ്രഥമോദ്ദേശ്യം ഒരു പുതിയ കപ്പേള പണികഴിപ്പിക്കുന്നതുവരെ സാധിക്കാതെയാണിരുന്നതു്. ദീൎഘപ്രതീക്ഷിതമായ ഈ കൎമ്മത്തിനു നിശ്ചയിച്ച ദിനം ദനഹാ തിരുനാൾ ആയിരുന്നു. തദവസരത്തിൽ സകല സന്യാസ സഭകളും സന്നിഹിതരായിരുന്നു. ആരംഭനാളുകളിൽ സഭാംഗങ്ങളുടെ സംഖ്യ തുലോം കുറവായിരുന്നതിനാൽ ആഴ്ചയിൽ മൂന്നു ദിവസംമാത്രമെ വിശുദ്ധ ദിവ്യകാരുണ്യം പരസ്യമായി സ്ഥാപിച്ചിരുന്നൊള്ളു. സഭയുടെ ആരംഭകാലങ്ങളിൽ സാക്ഷാൽ ദൈവവിളി ഉണ്ടായിരുന്നവർ ദുൎല്ലഭമായിരുന്നു. ആയതിനാൽ വളരെപേർ ഈ സഭയിൽ പ്രവേശിച്ചു എങ്കിലും ചുരുങ്ങിയ പേർ മാത്രമേ സ്ഥിരമായി നിന്നൊള്ളു. ഞെരുക്കങ്ങളുടെയും സങ്കടങ്ങളുടെയും കൂമ്പാരം നാനാഭാഗത്തു നിന്നും ആറുപോലെ പാഞ്ഞൊഴുകിയിരുന്നു. തുടക്കത്തിൽ ഈ സഭയെ വളരെ ശ്ലാഘിച്ചിരുന്നവർ ഇപ്പോൾ ഇതാ ഇതിനെ അധിക്ഷേപിക്കുന്നതിനു തുനിഞ്ഞു പുറപ്പെട്ടിരിക്കുന്നു. ഈ സഭാസ്ഥാപകന്റെ സ്നേഹിതർ എന്നല്ല ആരുടെ സ്തുതിക്കും ബഹുമാനത്തിന്നുമായി ഈ സഭ സ്ഥാപിതമായോ ആ മ്ശിഹാകൂടെയും ഈ സഭാസ്ഥാപകനെ ഉപേക്ഷിച്ചതുപോലെ കാണപ്പെട്ടു. ദൈവം തന്നെ സ്നേഹിക്കുന്നവൎക്കു യാത്രയാക്കമാറാകുന്ന സകല വിധ പീഡകളുടേയും സങ്കടങ്ങളുടേയും പാനപാത്രത്തെ ധാരാളമായി തന്റെ ഈ വിശ്വസ്തശുശ്രൂഷിക്കു അയപ്പാൻ തിരുമനസ്സായി. എന്നാൽ ഇദ്ദേഹം, ഇവയെല്ലാം ദൈവമനോഗുണത്തിന്റെ മഹാദാനങ്ങൾ എന്നു നല്ലപോലെ ഗ്രഹിച്ചിരുന്നതിനാൽ, ആകാശമോക്ഷത്തിൽ ഉന്നതപദവിക്കു പാത്രമാക്കുന്ന ഇവകളെ വിസ്മയിക്കത്തക്ക ക്ഷമയോടു കൂടിയും സന്തോഷത്തോടുകൂടിയും സഹിച്ചിരുന്നു. ഈ സഭയെ ആരംഭിക്കുന്നതിന്നു ഇദ്ദേഹത്തോടുകൂടിയുണ്ടായിരുന്ന ഏക മിത്രംകൂടി ഈ അവസരത്തിൽ ശരണമററവനായി തീൎന്നു. സകലരും തന്നിൽ നിന്നകന്നതുകൊണ്ടു വന്ദ്യ ഏമാർഡ് തനിച്ചായി. തന്നെ ആശ്വസിപ്പിക്കുന്നതിന്നു യാതൊരുത്തരുമില്ലായിരുന്നു. കൊടുങ്കാററിൽ അകപ്പെട്ടിരിക്കുന്ന കപ്പൽ കടലിൽ മുങ്ങി നശിക്കാതിരിക്കുന്നതിന്നു മാലുമി സകല പരിശ്രമവും ചെയ്തുകൊണ്ടു ധൈൎയ്യസമേതം എതിൎത്തുനിന്നു കൊടുങ്കാററിനോടും തിരകളോടും യുദ്ധം ചെയ്തു ജയവീരനായി തീരുംപ്രകാരം ഈ നമ്മുടെ വന്ദ്യ സഭാസ്ഥാപകനും അല്പ ഇളക്കമെങ്കിലും കൂടാതെ ദൈവത്തിൽ അഭയം തേടി, വിശുദ്ധ ദിവ്യകാരുണ്യത്തെ പ്രസിദ്ധമായി സ്ഥാപിച്ചു് പുഷ്പങ്ങൾകൊണ്ടും മററും അലങ്കരിച്ചശേഷം മനോവിശ്വാസത്തോടുകൂടി ഇപ്രകാരം അപേക്ഷിച്ചു. "കൎത്താവേ! അതു നിന്റെ സിംഹാസനവും ഇതു എന്റെ സ്ഥലവുമായിരിക്കുന്നു. ഇനിയുള്ളവയെല്ലാം നിന്റെ കാൎയ്യമാണു്." ക്ഷോഭിച്ചിരിക്കുന്ന സമുദ്രം പൊടുന്നനവെ ശാന്തമാകുന്നതുപോലെ മഹാ വലിയ സമാധാനവും തൃപ്തിയും അദ്ദേഹത്തിന്നുണ്ടായി. ൨൪ മണിക്കൂർ നേരത്തേക്കു തന്നിൽ നിന്നു പിരിഞ്ഞുപോയ അദ്ദേഹത്തിന്റെ സ്നേഹിതനും വന്നുചേൎന്നു. താമസിയാതെ അനേകർ ഈ സഭയിൽ പ്രവേശിക്കയും ചെയ്തു.

ഈശോ ദിവ്യകാരുണ്യത്തിൽ തന്നെത്തന്നെ എത്രയും താഴ്ത്തി പഞ്ചേന്ദ്രിയങ്ങൾക്കു മറയപ്പെട്ടവനായി എഴുന്നെള്ളിയിരിക്കുന്നു എങ്കിലും അവിടുന്നു ആകാശഭൂലോകങ്ങളുടെ ഏകരാജാവും ചക്രവൎത്തിയും ആയിരിക്കുന്നതിനാൽ, സ്വൎഗ്ഗത്തിൽ സ്തുതിയുടെ ഒരു സിംഹാസനവും, പരികൎമ്മം ചെയ്യുന്നതിന്നും ആരാധനാവണക്കസ്തോത്രങ്ങളെ സമൎപ്പിക്കുന്നതിന്നും ദൈവദൂതരും പരിശുദ്ധന്മാരും അവിടുത്തേക്കുണ്ടായിരിക്കുന്നതുപോലെ ഇഹത്തിലും സ്തുതിയുടെ ഒരു സിംഹാസനവും, പരികൎമ്മത്തിന്നായി ശുശ്രൂഷികളുടെ ഒരു സംഘവും ഉണ്ടായിരിക്കേണമെന്നു് വന്ദ്യ ഏമാർഡ് നല്ലപോലെ ഗ്രഹിച്ചിരുന്നതിനാലാണു് വിശുദ്ധ കുൎബ്ബാനയുടെ സഭയെ സ്ഥാപിപ്പാൻ തീൎച്ചപ്പെടുത്തിയതു്. ലോകം അതിന്റെ ആധാരം മുഴുവൻ കേവലം ലൌകികങ്ങളായ ന്യായങ്ങളിന്മേൽ മാത്രം അടിസ്ഥാനപ്പെടുത്തി

കൊണ്ടു മിശിഹായെയും അവിട്ടത്തെ ജ്ഞാനാധികാരത്തേയും ഭൂമുഖത്തിൽ നിന്നു അശേഷം നിമ്മൂലമാക്കേണമെന്നുകരുതി പുറപ്പെട്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ കുബ്ബാന മറയപ്പെട്ട ഒരു ദൈവദാനവും, ദൈവശക്തിയുടെ ഒളിക്കപ്പെട്ട ഒരു ദിവ്യരഹസ്യവും ആയിരിക്കാതെ, വിശിഷ്ടതരങ്ങളായ ആരാധനക്രമങ്ങളാലും സമുദായത്തിൽ പരസ്യമായ ആരാധനവണക്കങ്ങളാലും മിശിഹായുടെ ജ്ഞാനാധികാരം സകലക്കും ബോധ്യമാകത്തക്കവണ്ണം പ്രസിദ്ധീകരിച്ചുറപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. വിശുദ്ധ കുബ്ബാന കാലോചിതങ്ങളായ ദൈവദാനങ്ങളുടെ ഉരുല്പത്തിസ്ഥാനമായി മാത്രമല്ല, മനുഷ്യാത്മാവിന്റെ യഥാത്ഥവും അപരിത്യാജ്യവുമായ ഭക്ഷണവും ക്രസ്തീയപുണ്യസാംഗൊപാംഗത്തിന്റെ മൂലകാരണവുമായിട്ടാണിരിക്കുന്നതു്. (തുടരും.)

ፆ.ധ.ന. .2

---

## തിരുരക്ത സ്തോത്രം.

(പാന.)

മർത്ത്യ രക്ഷയ്ക്കായ് കത്താവു ചിന്തിയ
സത്യമായ തിരുരക്തമേ വാഴ്ക!
നിത്യദൈവത്തിൻ കോപത്തെ നീക്കിയ
സ്തുത്യമാകും ദിവ്യ ബലിയേ വാഴ്ക!
ആബേലിൻരക്തം പ്രതികാരത്തിന്നായ്
ആബായോടിരന്നിട്ടുന്ന നേരത്തു
നീയിതാനിത്യം പാപമോചനത്തി-
ന്നായിക്കൊണ്ടങ്ങിരന്നു പ്രാപിക്കുന്നു.
ഞങ്ങൾക്കാശയെ! രക്ഷയേ! സൌഖ്യമേ!
തിങ്ങും ഭക്ത്യാ വണങ്ങുന്നിതാ നിന്നെ
കാരുണ്യനിധി ദൈവപിതാവിന്നി-
ഷ്ടാരുവാംബലി ഞങ്ങളനുക്ഷണം
വീഴ്ചകൂടാത്ത ഭക്തിയോടൊത്തെന്നും
കാഴ്ചവച്ചിദം പ്രാത്ഥിച്ചുകൊള്ളുവോം.
കരുണക്കടലേ! നിൻ പുത്രൻ തന്റെ
തിരുരക്തത്തെ തൃക്കൺപാക്കേണമേ.
അന്തമറ്റോരതിൻ യോഗ്യതയോത്തു
ചിന്തണമേ നിൻ ദാനങ്ങൾ ഞങ്ങളിൽ.
മാതാവാകിയ സത്യതിരുസഭ
ജാതാനന്ദം വിളങ്ങി വളരട്ടെ.
മാപ്പാപ്പാ പൂർണ്ണസ്വാതന്ത്ര്യം കൈക്കൊണ്ടു
വാഴ്പാനുള്ള നാൾ വേഗം വന്നിടട്ടെ.
കർദിനാളന്മാർ തൊട്ടു വൈദികർക്കു
വദ്ധിക്കട്ടെ ദൈവാരൂപി മേൽക്കുമേൽ
രാജാക്കന്മാർസമാധാനത്തോടൊത്തു
രാജിച്ചീടട്ടെ നീതിപാലിപ്പോരായ്.
ക്ഷോണിയിൽ നെട്ടനിളെയൊഴുകുന്ന
ശോണിതപ്പുഴ വറ്റിയ്യണങ്ങട്ടെ.
വിശ്വാസദീപമജ്ഞാനക്രൂരിതുൾ
വിശ്വത്തിൽനിന്നു ദൂരെയകററട്ടെ.
ദുഷ്ടസാത്താന്റെ വാഴ്ചയും രാജ്യവും
നഷ്ടമായിഭവിക്കട്ടെ സത്വരം
ബാവ പുത്രൻ റൂഹാദക്കുദശായാം
ദൈവത്തിന്നെന്നും സ്തോത്രം ഭവിക്കട്ടെ!

ፆ.ധ.ഃ .2

---

## സച്ചിന്താവലി.

ഏതുവിധ കഷ്ടപ്പാടുകൾക്കും കൈകണ്ട പ്രതിവിധി ക്ഷമയാകുന്നു.

൧) കഷ്ടപ്പാടുകളെ സഹിക്കുന്നതില്ല, അവയെ ഏതു മനസ്സോടെ സഹിക്കുന്നു എന്നതിലാണ് യോഗ്യത അടങ്ങിയിരിക്കുന്നതു്.

൨) നന്മ ചെയ്യുന്നതും തിന്മ സഹിക്കുന്നതുമാണ് ക്രിസ്തീയജീവിതം.

൩) പൌരുഷത്വത്തിന്റെ ഉരകല്ലു ക്ഷമയാകുന്നു.

൪) ഒരുത്തൻ എത്ര പുണ്യപൂർണ്ണനാണെന്നറിയുന്നതിന്നു് അവൻ, അന്യന്മാരുടെ കഷ്ടപ്പാടുകളെ എത്ര അഗാധമായി ചിന്തിക്കുന്നു എന്നു അന്വേഷിച്ചാൽ മതി.

൫) ആരംഭത്തേയല്ല അന്ത്യത്തേയാണ് ക്രിസ്തീയ ജീവിതത്തിൽ പരിഗണിക്കേണ്ടതു്. വി. പൌലോസ് ശ്ലീഹായുടെ ജീവിതാരംഭം തീയതായിരുന്നെങ്കിലും, അവസാനം നല്ലതായിരുന്നു. യൂദായുടെ ആരംഭം ശോഭനമായിരുന്നു. അന്ത്യമാകട്ടെ നാശകരമായിരുന്നു.

൬) മ്ശിഹായെ പ്രതിയും മ്ശിഹായോടുകൂടിയും കഷ്ടപ്പെടുന്നവൻ മാത്രമേ അദ്ദേഹത്തോടുകൂടി വാഴുകയുള്ളൂ.

൭) ലോകത്തിന്നു മരിച്ചവനേപ്പോലെ ജീവിക്കുവാൻ ഇപ്പോൾ തഴങ്ങിയാൽ മാത്രമേ പിന്നീടു മ്ശിഹായോടുകൂടി ജീവിക്കുവാൻ സാധിക്കുകയുള്ളൂ.

൯) മനസ്സാക്ഷിയെ ഭാരപ്പെടുത്തുകയൊ അശുദ്ധപ്പെടുത്തുകയൊ ചെയ്യുന്നവകളിൽനിന്നു മാറിനടക്കുന്നവനാണു സാക്ഷാൽ ഭാഗ്യവാൻ.

൧൦) മററുള്ളവരെക്കാൾ ഒരുപടി താഴ്ന്നാണു നിൽക്കുന്നതെന്നുള്ള ബോധം നിനക്കുണ്ടാകുന്നതുവരെ, പുണ്യത്തിൽ യാതൊരഭിവൃദ്ധിയും നീ പ്രാപിച്ചിട്ടില്ലെന്നു കരുതുക.

൧൧) സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ ചെറുതാകയാൽ എളിമയുള്ളവരായ ചെറിയവൎക്കല്ലാതെ അതിൽക്കൂടെ പ്രവേശിപ്പാൻ പാടില്ലാ.

൧൨) പശ്ചാത്താപികളുടെ ബാഷ്പങ്ങൾ ദൈവദൂതന്മാരുടെ വിഞ്ഞാകുന്നു.

൧൩) പ്രാൎത്ഥന ദൈവത്തെ ശാന്തപ്പെടുത്തുന്നു. കണ്ണുനീർ നിർബന്ധിക്കുന്നു.

൧൪) വേദപുസ്തക പാരായണം പാപത്തിനു വിരോധമായ ഒരു കോട്ടയാകുന്നു.

൧൫) സംസാരം എറിയപ്പെട്ട കല്ലുപോലെ ആകയാൽ ദീൎഘാലോചനയുടെശേഷമേ സംസാരിക്കാവൂ.

൧൬) ക്രിസ്ത്യാനിയോടു ഐക്യമില്ലാത്തവന്ന് ക്രിസ്തുവിനോടു ചേർച്ചയുണ്ടാകുവാൻ പ്രയാസം.

൧൭) ശത്രുവിനെ സ്നേഹിക്കുന്നതുപോലെ മനുഷ്യപ്രവൃത്തിയിൽ വിസ്മയാവഹമായതു മററൊന്നുമില്ല.

൧൮) ദൈവസ്നേഹം സഹോദരസ്നേഹത്തെ ജനിപ്പിക്കുന്നു. സഹോദരസ്നേഹം ദൈവസ്നേഹത്തെ ഉജ്ജ്വലിപ്പിക്കുന്നു.

൧൯) എളിമ ഭക്തിയുടെ പാഠശാലയും, രക്ഷയുടെ മാൎഗ്ഗവും സ്വൎഗ്ഗത്തിലേലേക്കുള്ള സോപാനവുമാകുന്നു.

൨൦) സ്വൎണ്ണാംഗുലീയത്തിൽ മാണിക്യക്കല്ലുപോലെ പുണ്യങ്ങളുടെ കൂട്ടത്തിൽ എളിമ പ്രശോഭിക്കുന്നു.

൨൧) സൌമ്യത കോപത്തെ ജയിക്കുന്നു.

൨൨) ഉപദ്രവിയെ ഉപകാരംകൊണ്ടു ജയിക്കുന്നതു് അസാമാന്യ പുണ്യമാകുന്നു.



## തിരുഹൃദയ ഭക്തന്മാർ

൧൯൨൭ കൎക്കടക മാസത്തിൽ വെക്കേണ്ട

## പൊതുക്കരുതൽ.

---

"പൌരസ്ത്യ സഭകളുടെ പുനരൈക്യം"

''കത്തോലിക്കാ" എന്ന പദം അൎത്ഥപ്പെടുത്തുന്നപോലെ ലോകം മുഴുവനും തിരുസഭയിൽ ചേൎന്നുകാണണമെന്നുള്ളതാണു കത്തോലിക്കാ സഭാസ്ഥാപകനായ മ്ശിഹായുടെയും അവിടുത്തെ പ്രതിനിധികളായ മാൎപ്പാപ്പാമാരുടെയും ഏക ആഗ്രഹം. ഈ ആഗ്രഹനിവൃത്തിക്കായി റോമാസിംഹാസനത്തിൽ നിന്നും പലേ പ്രയത്നങ്ങളും കഴിച്ചിട്ടുള്ളതാകുന്നു. എതൽഫലമായി ഭിന്നിച്ചു നിൽക്കുന്ന കിഴക്കൻസഭകൾ രണ്ടു പ്രാവശ്യം മാൎപ്പാപ്പാന്മാൎക്കധീനപ്പെട്ടു എങ്കിലും അതു ശാശ്വതമല്ലായിരുന്നു. കിഴക്കെ സഭകളുടെ പുനരൈക്യമാകട്ടെ പ്രൊട്ടസ്റ്റാണ്ടു മുതലായ ഇതര ഭിന്നസഭകളെ അപേക്ഷിച്ചു വളരെ സുകരമാണ്. എന്തുകൊണ്ടെന്നാൽ പൌരസ്ത്യ സഭകളിലെ പട്ടം മുതലായ കൂദാശകൾ വാസ്തവവും വിശുദ്ധന്മാരോടുള്ള പ്രാൎത്ഥന മുതലായി വളരെ സംഗതികളിൽ കത്തോലിക്കാ സഭയോട് അവകൾക്കു യോജ്യതയുമുള്ളതാകുന്നു. അതുകൊണ്ട് ഇവരുടെ മാനസാന്തരത്തിനായി ഈ മാസത്തിൽ തിരുഹൃദയ ഭക്തർ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

## ലോകവൎത്തമാനച്ചുരുക്കം.

വിശുദ്ധ ത്രേസ്യായുടെ സഹവൎത്തിനിയും സെക്രട്ടറിയുമായിരുന്ന വി. ബൎത്തലൂമ്മായുടെ അന്ന എന്ന കന്യകയെ 'ഭാഗ്യപ്പെട്ടവൾ' എന്നു നാമകരണം ചെയ്തിരിക്കുന്നു.

പരിഷ്ക്കരിച്ചുണ്ടാക്കിയിരിക്കുന്ന കാനൻലോ (പള്ളിച്ചട്ടം) ഇപ്പോൾ വത്തിക്കാൻ പ്രസ്സിൽ അച്ചടിച്ചുകൊണ്ടിരിക്കയാണ്. ഇതിനെ മററു ഭാഷകളിലേക്കു തൎജ്ജമ ചെയ്യുന്നതിനുള്ള അനുവാദത്തിനായി അനവധി അപേക്ഷകൾ വന്നിട്ടും ഒന്നിനേയും സ്വീകരിക്കുകയുണ്ടായില്ല. ഭാഷാന്തരം ചെയ്യുന്നതിൽ, അൎത്ഥവ്യത്യാസം അല്പമായിട്ടെങ്കിലും വന്നേക്കുമൊ എന്നു ഭയന്നിട്ടാണത്രെ അനുവാദം കൊടുക്കാത്തതെന്നു കാണുന്നു.

ഇക്കഴിഞ്ഞ ഇടവമാസത്തിൽ ഒരുത്തമ കത്തോലിക്കയും കവിലോകത്തിൽ സുപ്രസിദ്ധയുമായ മിസ്സ് ഡൊനേല്ലി ൬൯-ാമത്തെ വയസ്സിൽ അന്തരിച്ചുപോയതായി അറിയുന്നു. അമേരിക്കായിൽ ഫിലാഡെൽഫിയായിലാണു ജനിച്ചതെങ്കിലും ഈ വിദുഷിയുടെ മാതാപിതാക്കന്മാർ അയറീഷ്കാരാണ്. ഈ കവയിത്രിയുടെ അൻപതിൽപരം കൃതികൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ബ്രിട്ടീഷ് മ്യൂസിയം പുസ്തകശാലയിലും ഈ കൃതികളിൽ ഉദ്ദേശം മുപ്പതെണ്ണത്തിനു (പദ്യത്തിലും ഗദ്യത്തിലുമുള്ളവ) ഏതാനും വൎഷങ്ങൾക്കുമുമ്പു പ്രവേശനം ലഭിക്കുകയുണ്ടായി. ലേയോൻ മാൎപ്പാപ്പായുടേയും പത്താം പീയൂസു മാൎപ്പാപ്പായുടെയും പ്രത്യേക ആശിസ്സ് ഈ മഹതിക്കു ലഭിച്ചിട്ടുണ്ടു്. ലേയോൻ മാൎപ്പാപ്പായുടെ ജൂബില്യാവസരത്തിലേക്കുള്ള ഒരു കീൎത്തനം നിൎമ്മിക്കുന്നതിനു നിയമിതയായതു മിസ്സ് ഡോനേല്ലിയാണ്.

ഇക്കഴിഞ്ഞ മുഖ്യപരീക്ഷയിൽ ആകെ വിജയം പ്രാപിച്ചിട്ടുള്ള എട്ടു സ്ത്രീകളിൽ മൂന്നുപേർ കത്തോലിക്കരാണെന്നറിയുന്നു. അവരുടെ പേരുകളാണു കീഴെ കാണുന്നതു്:
൧) കൊഴുവനാൽ താമരശ്ശേരിൽ ജോസഫ് മറിയം. ൨) പുളിംകുന്നു മാളിയേക്കൽ മാത്തൻ അന്ന. ൩) കൈപ്പുഴ പള്ളിക്കിഴക്കേതിൽ ലൂക്കാ മറിയം.

'ലാക്രോയിക്ക്സ്' എന്ന ഫ്രഞ്ചുപത്രം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "കീഴെ കാണുന്നതു ഞങ്ങൾക്കു ഗവൎമ്മേണ്ടിൽനിന്നും ലഭിച്ച ഒരു ഒഫീഷ്യൽ നോട്ടാണ്. 'ഫ്രഞ്ചു ഗവൎമ്മേണ്ടിന്റെ കൊടി'യിൽ തിരുഹൃദയ ഛായക്കൂടി ചേൎക്കേണമെന്നു പല ഹൎജികളും വന്നിട്ടുള്ളതായി കാണുന്നു. 'യൂണിയൻ സാക്രി'യെ (ഫ്രഞ്ചു പതാകയെ) അലങ്കോലപ്പെടുത്താനല്ലാതെ മററു യാതൊരു ഫലവും ഈ മാററംകൊണ്ടു ലഭിക്കാനില്ലാത്തതുകൊണ്ടു, പതാക ചിഹ്നത്തിൽ യാതൊരു വ്യത്യാസവും വരുത്തേണ്ടതില്ലെന്നു പ്രധാന മന്ത്രി ഗവർണർമാരെ അറിയിച്ചിരിക്കുന്നു." ഇതേപ്പററി ഹൎജിക്കാൎക്കു ഫ്രഞ്ചുപതാക അലങ്കോലപ്പെടുത്തേണമെന്നുള്ള ആഗ്രഹമില്ലെന്നുള്ളതു വ്യക്തമാണെന്നും, ദൈവാശീൎവ്വാദം തങ്ങളുടെ രാജ്യത്തുണ്ടാകേണമെന്നേ അവൎക്കാഗ്രഹമുള്ളെന്നും ലാക്രോയിക്ക്സ് റിമാൎക്കു ചെയ്തിരിക്കുന്നു.

ജസൂത്തൎക്കു സഭമുറുകൂ ജൎമ്മനിയിൽ വസിച്ചുകൂടാ എന്നുള്ള നിയമം റദ്ദാക്കിയിരിക്കുന്നതായറിയുന്നു. ഇൻഡ്യാ മുതലായ രാജ്യങ്ങളിൽനിന്നും യുദ്ധംമൂലം ജൎമ്മനിയിലേക്കു്യയക്കപ്പെട്ടിട്ടുള്ള ഈശോസഭക്കാൎക്കു അവരുടെ സഭാനിയമം അനുസരിച്ച് ഇനി ജൎമ്മനിയിൽ നിവസിക്കാവുന്നതാണ്.

ഇക്കഴിഞ്ഞ ഇടവമാസത്തിൽ ഓസ്ത്രേലിയായിൽ മെൽബോൺ എന്ന സ്ഥലത്തെ മെത്രാപ്പോലീത്തായായ മൊൺസിഞ്ഞോർ കാർ അവർകൾ ൯൨-ാമത്തെ വയസ്സിൽ മരണംപ്രാപിക്കുകയുണ്ടായി. ഓസ്ത്രേലിയായിലുള്ള ഏററവും വിശേഷപ്പെട്ട കെട്ടിടങ്ങളിൽ ഒന്നായ മെൽബോൺ ഭദ്രാസന ദേവാലയം ഇദ്ദേഹം പണികഴിപ്പിച്ചിട്ടുള്ളതാകുന്നു. രണ്ടരലക്ഷം പവൻ ചെലവുചെയ്തുണ്ടാക്കീട്ടുള്ള ഈ ദേവാലയം ഈ മഹാന്റെ ഒരു സ്മാരകമായി എന്നും പരിലസിക്കുന്നതാണ്.

സ്കോട്ടലാണ്ടിൽ കില്ലിയക്ക്റാൻകി എന്ന കുടുംബത്തിലെ പത്താമത്തെ പ്രഭുവായ സർ വില്യം എന്ന മഹാൻ വെസ്റ്റ്മിനിസ്റ്റർ ഭദ്രാസന ദേവാലയത്തിൽ വച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു കത്തോലിക്കാ സഭയിൽ ചേൎന്നിരിക്കുന്നു. തെക്കെ ആഫ്രിക്കാ യുദ്ധത്തിൽ രണശൂരതയ്ക്കു പ്രസിദ്ധി നേടീട്ടുള്ള ഈ മഹാൻ ഫ്രാൻസിലെ പോൎക്കളത്തിൽ നിന്നും അവധിയെടുത്തു ഇംഗ്ലണ്ടിൽ പോയപ്പോളാണു ഈ മാനസാന്തരമുണ്ടായതു്.

ഈയിടെ പാരീസിലുണ്ടായ ഒരു സംഭവം അവിടത്തെ വൎത്തമാനപത്രങ്ങളുടെ ഭാതൃത്വത്തെ പ്രസ്പഷ്ടമാക്കുന്നുണ്ട്. കടലാസിൻെറ ക്ഷാമംകൊണ്ടു പാരീസിലുള്ള എല്ലാ പത്രങ്ങൾക്കും ഇത്ര ഇത്രകെട്ടു കടലാസുമാത്രമെ മേലാൽ കൊടുക്കുകയുള്ളു എന്നു ഗവൎമ്മേണ്ടിൽനിന്നും നിശ്ചയിച്ചു. എന്നാൽ അവിടെയുള്ള പ്രധാനപ്പെട്ട പത്രങ്ങളിലൊന്നായ 'ലാക്രോയിക്ക്സ' എന്ന കത്തോലിക്കാ പത്രത്തിനു കടലാസൊട്ടും കൊടുക്കുകയുണ്ടായില്ല. ഈ വിവരം മററു പ്രധാന പത്രപ്രവൎത്തകന്മാരെ ഈ പത്രക്കാർ അറിയിക്കുകയും അവരെല്ലാവരുംകൂടി, മററഭിപ്രായവ്യത്യാസങ്ങളെല്ലാം ഒഴിച്ചുവച്ചിട്ടു, ഗവൎമ്മേണ്ടിൻെറ ഈ പ്രവൃത്തിയെ ശക്തിയായി ആക്ഷേപിക്കുകയും ചെയ്തുതുചതു നിമിത്തം, മററു പത്രങ്ങൾക്കുള്ളതുപോലെയുള്ള സ്വാതന്ത്ര്യം ലാക്രോയിക്ക്സിനും ലഭിക്കുന്നതിനിടയായി.

ലണ്ടനിലെ ഒരു പ്രോട്ടസ്റ്റാണ്ടു പാതിരിയും വളരെ നാളായി ചരിത്രപരീക്ഷണത്തിൽ ഉദ്യുക്തനുമായിരുന്ന റവ. ഡോക്ടർ കോക്ക്സ കത്തോലിക്കാസഭയിൽ ചേൎന്നതായി ഈവിനിങ്ങ് സ്റ്റാൻഡാർഡ് എന്ന പത്രത്തിൽ കാണുന്നു.

ചൈനാ ചക്രവൎത്തി വീണ്ടും സ്ഥാനാരോഹണം ചെയ്തു എങ്കിലും അവിടത്തെ ആഭ്യന്തര യുദ്ധം മൂലം സ്ഥാനത്യാഗം ചെയ്യേണ്ടിവന്നു. ഇദ്ദേഹത്തിനു ൧൧ വയസ്സു മാത്രമേ പ്രായമുയുള്ളു.

പരേതനായ നോർഫോക് പ്രഭുവിൻെറ മരണപത്രികപ്രകാരം ഒരു ലക്ഷം പവൻ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാൎക്കു നൽകുന്നതിന്നായി നീക്കിവച്ചിട്ടുണ്ട്. പള്ളികൾക്കും സെമ്മിനാരികൾക്കും, സ്കൂളുകൾക്കും ആസ്പത്രികൾക്കും മററും ധനസഹായം ചെയ്യുന്നതിന്നായിട്ടാണ് ഈ വലിയ തുക ദാനംചെയ്തിട്ടുള്ളതു'. നമ്മുടെ നാട്ടിലെ ധനാഢ്യന്മാരിൽ സ്വമതാഭിവൃദ്ധിക്കോ സ്വസമുദായാഭ്യുന്നതിക്കോവേണ്ടി മരണപത്രികകയിൽ വല്ല സംഖ്യയും നീക്കിവയ്ക്കുന്നവർ എത്ര ചുരുക്കം.

## പരേതനായ ക. നി. മൂ. സ. റവ. ത്രേസ്യാ മത്തായി.

ഈ ജൂലായി 9-ാംനു- വെളുപ്പിനു 3 മണിക്കു ബ്രദർ മത്തായി അവർകൾ സ്ഥലത്തെ ആശ്രമത്തിൽവെച്ചു് പരലോകപ്രാപ്തനായ സംഗതി വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. ദീനം പ്രായാധിക്യംകൊണ്ടുള്ള ഒന്നായിരുന്നു. 74-ാമത്തെ വയസ്സിലാണ് ഇദ്ദേഹം മരണം പ്രാപിച്ചതു്. പതിവായി ഉണ്ടാകാറുള്ള ചില സുഖക്കേടുകൾ രണ്ടാഴ്ചയ്ക്കു മുമ്പ് ഇദ്ദേഹത്തെ ബാധിച്ചിരുന്നു. അതു മരണകരമാണെന്നു ആൎക്കും തോന്നിയിരുന്നില്ലെങ്കിലും അദ്ദേഹത്തിനു അതു നല്ലപോലെ തോന്നുകയും മരണത്തിനു പ്രത്യേകമായി ഒരുങ്ങുകയും ചെയ്തിരുന്നു. തൻെറ പരലോകയാത്രയെപ്പററി പലപ്പോഴും അറിയിക്കുയും അതുടനെ ഉണ്ടാകുമെന്ന് പ്രസ്താവിക്കയും ചെയ്തിരുന്നു. അങ്ങിനെയിരിക്കെയാണ് മരണം ഉണ്ടായതു്. വേണ്ട ഒരുക്കങ്ങൾ എല്ലാം മുൻകൂട്ടി ഇദ്ദേഹം ചെയ്തയും വി. കൂദാശകൾ വളരെ ഒരുക്കത്തോടുകൂടെ സ്വീകരിക്കയും ചെയ്തിരുന്നതിനാൽ വിശേഷാൽ ഒന്നും ഒരുങ്ങേണ്ട ആവശ്യം അദ്ദേഹത്തിനു നേരിട്ടില്ല.

ഇദ്ദേഹം അരണാട്ടുകര മൊളക്കൽ എന്ന മാന്യ കുടുംബത്തിൽ 1843 ഡിസംബർ മാസം 8-ാംനു- ജാതനായി. 1867 നവമ്പർ മാസം 24-ാംനു- ക. നി. മൂ. സഭയിൽ പ്രവേശിക്കയും 1871 ഡിസമ്പർ 8-ാംനു- തൻെറ സന്യാസവാഗ്ദത്തം ദൈവത്തിനു സമൎപ്പിക്കയും ചെയ്തു. ക്ഷമ, സാധുത്വം എന്നീ പുണ്യങ്ങളിൽ വളരെ ഉയൎന്ന ഒരു പദവിയെയാണു ഇദ്ദേഹം പ്രാപിച്ചിരുന്നതു്. മററുള്ളവൎക്കു യാതൊരു അസഹ്യതയും താൻ മൂലം ഉണ്ടാകാതിരിക്കാൻ ഇദ്ദേഹത്തിനു എപ്പോഴും നല്ല സൂക്ഷമുണ്ടായിരുന്നു. ഏൽപിക്കപ്പെട്ട ജോലികൾ കൃത്യമായി ചെയ്തു നിറവേററുന്നതിൽ ഇദ്ദേഹം മററു സന്യാസികൾക്കു ഒരു നല്ല ദൃഷ്ടാന്തമായി ജീവിച്ചുവന്നിരുന്നു. ഇദ്ദേഹത്തിൻെറ ആത്മാനുകൂലാൎത്ഥം വിശ്വാസികളുടെ പ്രാൎത്ഥന അപേക്ഷിതമായിരിക്കുന്നു.